## അല്ലാഹുവിന്റെ വചനം

وَلَوْ تَرٰٓى اِذْ وُقِفُوْا عَلَى النَّارِ فَقَالُوْا يٰلَيْتَنَا نُرَدُّ وَلَا نُكَذِّبَ بِاٰيٰتِ رَبِّنَا وَنَكُوْنَ مِنَ الْمُؤْمِنِيْنَ ○

'അവർ നരകത്തിന്റെ മുമ്പിൽ നിറുത്തപ്പെടുമ്പോഴത്തെ അവസ്ഥ നീ കാണുകയാണെങ്കിൽ! അപ്പോൾ അവർ പറയും: 'അഹോ കഷ്ടം, ഞങ്ങൾ ഇഹലോകത്ത് തിരിച്ചയക്കപ്പെടുകയും ഞങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളെ ഞങ്ങൾ നിഷേധിക്കാതിരിക്കുകയും, ഞങ്ങൾ വിശ്വാസികളിൽപ്പെട്ടവരാകുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ!'(6:28)


بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 7

വാർഷിക വരിസംഖ്യ 600 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 49-50

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഡിസം:8 – ഡിസം:15/ഹി. ശം. 1401 ഫത്ഹ 8: ഫത്ഹ് 15/ഹിജ്റ 1444 ജമാ:അവ്വൽ 13 – ജമാ:അവ്വൽ 20


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### സ്വദഖ കൊടുക്കുന്നതിന്റെ ശ്രേഷ്ഠത

**(1436)** ഹദ്റത്ത് ഹക്കീം(റ) നിവേദനം: അദ്ദേഹം നബി(സ)തിരുമേനിയോടു ചോദിച്ചു: പ്രവാചകരേ! ഞാൻ അജ്ഞാനകാലത്ത് പുണ്യകർമമെന്ന നിലയ്ക്ക് ദാനം ചെയ്യുകയും അടിമകളെ മോചിപ്പിക്കുകയും കുടുംബബന്ധം പുലർത്തുകയും ചെയ്യാറുണ്ടായിരുന്നു. എനിക്ക് അതിന് പ്രതിഫലം ലഭിക്കുമോ? നബി(സ) തിരുമേനി പറഞ്ഞു: മുമ്പേ നിർവഹിച്ച പുണ്യകർമങ്ങളോടുകൂടിയിട്ടുതന്നെയാണ് നീ ഇസ്ലാമിൽ പ്രവേശിച്ചിരിക്കുന്നത്.

**(1443)** അബൂ ഹുറയ്റ(റ) നിവേദനം: നബി (സ)തിരുമേനി പറഞ്ഞു, പിശുക്കന്റേയും ദാനം ചെയ്യുന്നവന്റേയും ഉപമ രണ്ടു മനുഷ്യന്മാരെപ്പോലെയാണ്. അവർ ഇരുമ്പിന്റെ ഓരോ ജുബ്ബ ധരിച്ചിട്ടുണ്ട്. ആ ജുബ്ബ രണ്ടും അവരുടെ മുല മുതൽ കഴുത്തിൽ എല്ലു വരേയുമുണ്ട്. ദാനശീലമുള്ളവൻ ദാനം ചെയ്യുമ്പോഴെല്ലാം ആ ജുബ്ബ വലിഞ്ഞു നീണ്ടിട്ട് അവന്റെ ശരീരമാകെ മൂടും. അവന്റെ കൈവിരലുകളുടെ അറ്റങ്ങൾ പോലും കുപ്പായത്തിനുള്ളിലാവും. ഭൂമിയിൽ പതിഞ്ഞ് അവന്റെ കാലടികൾ ഈ കുപ്പായം ഭൂമിയിലൂടെ വലിച്ചിഴച്ച് കൊണ്ടുപോകുക കാരണം മാഞ്ഞുപോകും. എന്നാൽ, പിശുക്കൻ വല്ലതും ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവന്റെ ജുബ്ബയുടെ ഓരോ കണ്ണിയും അവയുടെ സ്ഥാനങ്ങളിലേക്ക് ചേർന്ന് ഒട്ടിപ്പിടിച്ച് നില്ക്കും. അവൻ കുപ്പായം വലിച്ചുനീട്ടി വികസിപ്പിക്കാനൊരുങ്ങും. പക്ഷേ, അതു വികസിക്കുകയില്ല.(സ്വഹീഹ് ബുഖാരി, വാല്യം 1, പേജ് 420, പ്രസാധനം ഖാദിയാൻ 2018)


ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

SCAN ME

The Weekly BADR Qadian (Malayalam)


**കേട്ടുകൊള്ളുവിൻ! വിശുദ്ധ ഖുർആൻ എന്താണ് പറഞ്ഞത്. *ഇന്നമാ യത്തഖബ്ബലല്ലാഹു മിനൽ മുത്തഖീൻ(5:28)* അല്ലാഹു മുത്തഖീങ്ങളുടെ ദുആകൾ സ്വീകരിക്കുന്നു. മുത്തഖിയല്ലാത്തവർ ആരാണോ അവരുടെ ദുആകൾ സ്വീകാര്യതയുടെ വസ്ത്രമില്ലാത്തതാണ്. അതേ! അല്ലാഹുവിന്റെ പരിപാലനത്വവും കാരുണികതയും അവരെ വളർത്തുന്നതിൽ അതാതിന്റെ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

തങ്ങൾ ഒരുപാടു ദുആകൾ ചെയ്തുവെന്നും അതിന് ഫലമൊന്നുമുണ്ടായില്ലെന്നും ഒരുപാടാളുകൾ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇതിന്റെ ഫലം അവരെ നാസ്തികരാക്കി. യഥാർഥകാര്യം ഇതാണ്, എല്ലാ കാര്യത്തിനും കുറച്ചു ചട്ടങ്ങളും നിയമങ്ങളുമുണ്ട്. അതുപോലെ ദുആയ്ക്കുവേണ്ടിയും ചട്ടങ്ങളും നിയമങ്ങളും നിർണയിക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടില്ലെന്ന് പറയുന്നവർ ദുആ സ്വീകാര്യതയ്ക്ക് അനിവാര്യമായിട്ടുള്ള നിയമങ്ങളും നിലകളും പാലിക്കാത്തതാണ് കാരണം.

അല്ലാഹു അതുല്യവും അതിരറ്റതുമായ ഖജനാവ് നമ്മുടെ മുമ്പിൽ അവതരിപ്പിച്ചു. നമ്മളിൽ എല്ലാ ഓരോരുത്തർക്കും അതിൽനിന്ന് പ്രാപിക്കാനും എടുക്കാനും കഴിയുന്നതാണ്. എന്തുകൊണ്ടെന്നാൽ, നമ്മൾ അല്ലാഹുവിനെ സർശക്തനായ ദൈവമെന്ന് വിശ്വസിച്ചുകൊണ്ട്, എന്തൊന്നാണോ അവൻ നമ്മുടെ മുമ്പിൽവെച്ചത്, എന്തൊന്നാണോ അവൻ നമ്മെ കാണിച്ചത് അത് കേവലം മരീചികയും ചതിയുമാണെന്ന് തീരുമാനിക്കുന്നത് ഒരിക്കലും അനുവദനീയമല്ല. അത്തരം സംശയവും മനുഷ്യനെ നശിപ്പിക്കാവുന്നതാണ്. അങ്ങനെയല്ല പ്രത്യുത ഓരോരുത്തർക്കും ഈ ഖജനാവിനെ എടുക്കാൻ കഴിയും. അല്ലാഹുവിന്റെ അടുത്ത് ഒരു കുറവുമില്ല. എല്ലാവർക്കും ഈ ഖജനാവ് കൊടുക്കാൻ അവന് കഴിയും. എന്നാലും അതിൽ ഒരു കുറവും വരുകയില്ല.

ചുരുക്കത്തിൽ അവൻ നമുക്ക് നുബുവ്വത്തിന്റെ ശ്രേഷ്ഠത

ശേഷം പേജ് 9 ൽ

**ഉറുമ്പുകളിലും വളരെ വലിയ ഭാരിച്ച വ്യവസ്ഥിതിയുണ്ട്, ഇപ്രകാരംതന്നെ തേനീച്ചയ്ക്കും വലിയ മഹത്തായ വ്യവസ്ഥിതിയുണ്ട്. അല്ലാഹു തേനീച്ചയുടെ സ്മരണ തിരഞ്ഞെടുത്തത് ഉന്നതമായ ഒരു ശക്തിയാണ് അവയ്ക്ക് ഈ അറിവു നല്കിയതെന്നും അവ സ്വയം ചിന്തിച്ചെടുക്കാത്ത ഒരു വ്യവസ്ഥിതി നല്കിയിരിക്കുന്നുവെന്നും മനസ്സിലാക്കാനുമാണ്.**

സൂറത്തുന്നഹ്‌ലിലെ 69-ാം വചനമായ *വ ഔഹാ റബ്ബുക്ക ഇലന്നഹ്‌ലി അനിത്തഖിദീ മിനൽജിബാലി ബുയൂത്തൻ വ്വമിനശ്ശജരി വ മിമ്മാ യഅ്രിശൂൻ* (നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നല്കി: മലകളിൽനിന്നും വൃക്ഷങ്ങളിൽനിന്നും മനുഷ്യർ കെട്ടിയുണ്ടാക്കുന്ന പന്തലിൽനിന്നും ചിലേടങ്ങളിൽ നീ കൂടുകളുണ്ടാക്കുക.)(16:69)എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: മൃഗങ്ങളുടെ ഗവേഷണങ്ങളിൽ തേനീച്ചയുടേയും ഉറുമ്പിന്റേയും ഗവേഷണങ്ങൾ വളരെ വിശാലമായി നടന്നിട്ടുണ്ട്. ഈ ഗവേഷണങ്ങൾ ഉറമ്പുകളിൽ വളരെ വലിയ ഭാരിച്ച വ്യവസ്ഥിതിയുണ്ടെന്ന് സ്ഥാപിക്കുകയുണ്ടായി. ഇതു കൈകൾകൊണ്ടാണ് സംസാരിക്കുന്നത്. മനുഷ്യരെപോലെ തങ്ങളുടെ ശവങ്ങൾ കാത്തുസൂക്ഷിക്കുന്നു. ധാന്യങ്ങളുടെ കൂമ്പാരം വെക്കുന്നു. തണുപ്പിനും ചൂടിനുമുള്ള വീടുകൾ വെവ്വേറെ വെക്കുന്നു. കൂടുകൾ ഉണ്ടാക്കുന്നു. ഒരു തരത്തിലുള്ള കീടമാണ്, അതിൽനിന്ന് ഒരു പദാർഥം പുറപ്പെടുന്നു. അത് ഉറുമ്പിന് പാലായി പ്രയോജനപ്പെടുന്നു. ആ കീടങ്ങളെ ഇതു ശേഖരിച്ച് തങ്ങളുടെ വീടുകളിൽ വെക്കുന്നു. അവയുടെ ഭക്ഷണവും ശ്രദ്ധിക്കുന്നു. ധാന്യത്തിൽ കുറവുണ്ടാകുമ്പോൾ അനുഭവത്തിൽനിന്ന് മനസ്സിലായത് അവർ ആ കീടങ്ങൾക്ക് ആദ്യം ഭക്ഷണം നല്കുന്നുവെന്നാണ്. പിന്നീട് ബാക്കിയുണ്ടെങ്കിൽ സ്വയം തിന്നുന്നു. അവരിൽ അടിപിടിയും ഉണ്ടാകാറുണ്ട്. രഞ്ജിപ്പും ഉണ്ടാകാറുണ്ട്. ചുരുക്കത്തിൽ ഇങ്ങനെയൊരു വിശാലമായ വ്യവസ്ഥിതിയാണ് അവരിൽ കാണുന്നത്. ഇതെല്ലാം ഒരു തരത്തിലുള്ള ഗോപ്യമായ വഹിയുടെ ഫലമാണ്.

ഇപ്രകാരംതന്നെ തേനിച്ചയ്ക്കും വലിയ മഹത്തായ വ്യവസ്ഥിതിയുണ്ട്. ചില വിദഗ്ദ്ധരുടെ അഭിപ്രായത്തിൽ മനുഷ്യരുടെ വ്യവസ്ഥിതിയെക്കാൾ അവരുടെ വ്യവസ്ഥിതി കൂടുതൽ നിലവാരമുള്ളതാണ്. അവരുടെ ബോധം ചില കാര്യങ്ങളിൽ മനുഷ്യരെക്കാൾ കൂടുതലാണെന്നാണ്. അവരുടെ ഓരോ തേനീച്ചക്കൂട്ടിലും ഒരു റാണിയുണ്ടാകും. എല്ലാ തേനീച്ചകളും അതിനെ പിൻപറ്റുന്നു. അവരുടെ സന്താനങ്ങൾ വെവ്വേറെയായിരിക്കും. മനുഷ്യരെപ്പോലെ എല്ലാവരും ഒരുമിച്ചു താമസിക്കുകയില്ല. പുതിയ റാണി ഉണ്ടാകുമ്പോൾ പഴയ ഈച്ചകൾ അതിനെ കൊല്ലാനാഗ്രഹിക്കുന്നു. അപ്പോൾ പുതിയ യുവഈച്ചകൾ അതിന് കാവൽനില്ക്കുന്നു. എല്ലാവരും ചേർന്ന് അവയെ സംരക്ഷിക്കുന്നു. ആ റാണി വലുതായി തന്റെ കൂട്ടുകാരോടൊപ്പം വേറെ കൂടുണ്ടാക്കുന്നു. പിന്നീട് റാണി യുദ്ധം ചെയ്ത് ഒന്നുകിൽ ആദ്യത്തെ വലിയ ഈച്ചകളെ ആദ്യത്തെ കൂട്ടിൽനിന്ന് പുറത്താക്കുകയോ അല്ലെങ്കിൽ പരാജയപ്പെട്ട് മറ്റു സ്ഥലത്തേക്ക് പോകുകയോ ചെയ്യുന്നു. അവരുടെ വ്യവസ്ഥിതിയുടെ വേറെയും വിശദീകരണങ്ങളുണ്ട്. അത് അത്ഭുതകരമാണ്. അല്ലാഹു തേനീച്ചയുടെ സ്മരണ തിരഞ്ഞെടുത്തത് ഉന്നതമായ ഒരു ശക്തിയാണ് അവയ്ക്ക് ഈ അറിവു നല്കിയതെന്നും അവ സ്വയം

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**ധനത്യാഗം ചെയ്യുന്നവർ തങ്ങളുടെ ആത്മീയമായ അവസ്ഥയിലേക്കും ദൃഷ്ടി പതിപ്പിക്കേണ്ടത് വളരെ അനിവാര്യമാണ്. അപ്പോഴാണ് അല്ലാഹുവിന്റെ പാരിതോഷികങ്ങളുടെ യഥാർഥ അവകാശികളാകുന്നത്.**

**തഹ്‌രീക്കെ ജദീദിന്റെ വിജയപ്രദവും അനുഗ്രഹപൂർണവുമായ 88-ാം വർഷത്തിന്റെ സമാപനവും 89-ാം വർഷത്തിന്റെ വിളംബരവും.**

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്‌രീക്കെ ജദീദിന്റെ സാമ്പത്തിക വ്യവസ്ഥിതിയിൽ 16.4 മില്യൺ പൗണ്ട് ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടി. ഇതു കഴിഞ്ഞ വർഷത്തെക്കാൾ 11 ലക്ഷം പൗണ്ട് അധികമാണ്.**

**ദീനിനുവേണ്ടി ത്യാഗം ചെയ്യുകയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്നവർക്ക് ഈ ലോകത്തും പരലോകത്തും അല്ലാഹു പാരിതോഷികം നല്കുന്നതാണ്, അവൻ കടം വെക്കുകയില്ല.**

**ഇന്ന് ദീനീപരമായ ഉദ്ദേശ്യങ്ങളുടെ പൂർത്തികരണത്തിന് അല്ലാഹു നബി(സ)തിരുമേനിയുടെ സേവകനെ അയച്ചു. അവിടന്ന് മുഖേന ഇസ്‌ലാമിന്റെ പ്രചാരണവും മനുഷ്യസേവനപ്രവർത്തനങ്ങളും നടന്നു വരുന്നു.**

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്ത് എല്ലായിടത്തുംതന്നെ തങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലജ്‌ന തങ്ങളുടേതായ ഭാഗം ചന്ദ കൊടുക്കുന്നു. അവർ ആരിൽനിന്നും പിന്നിലല്ല.**

**അല്ലാഹു ധനികരോടും കടംവെക്കാറില്ല, ദരിദ്രരോടും കടം വെക്കാറില്ല. ഓരോരുത്തർക്കും അവനനുസരിച്ച് നല്കുന്നു.**

**ഈ വർഷവും ജർമനീ ജമാഅത്ത് ലോക ജമാഅത്തുകളിൽ ഒന്നാം സ്ഥാനത്താണ്.**

**വിവിധ രാജ്യങ്ങളുമായി ബന്ധപ്പെട്ട ആത്മാർഥരായ അഹ്മദികളുടെ ധനത്യാഗത്തിന്റെ ഈമാൻവർധക സംഭവങ്ങൾ**

**യു.കെ. അഹ്മദിയ്യ ചരിത്ര വകുപ്പിന്റെ വെബ്സൈറ്റ് history.ahmadiyya.uk ഉദ്ഘാടനം.**

**ഖുത്ബ ജുമുഅ 2022 2022 നവംബർ 4/1401 നുബുവ്വത്ത് 4, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് നവംബർ മാസത്തിലെ ആദ്യത്തെ ഖുത്ബയാണ്. കീഴ്‌വഴക്കമനുസരിച്ച് നവംബറിലെ ആദ്യത്തെ ജുമുഅയിൽ തഹ്‌രീക്കെ ജദീദിന്റെ നവവർഷവിളംബരം ഉണ്ടണ്ടാകുന്നു. കഴിഞ്ഞ വർഷം അല്ലാഹു നല്കിയ അനുഗ്രഹങ്ങളെ കുറിച്ച് സ്മരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്നു കുറച്ചു കാര്യങ്ങൾ പറയുന്നതാണ്. ഏറ്റവുമാദ്യം ഓർമവെക്കേണ്ട കാര്യം എല്ലാ കാര്യങ്ങളും നടത്തിക്കൊണ്ടു പോകുന്നതിന്, അതിനുള്ള ചെലവുകൾ പൂർത്തിയാക്കുന്നതിന് ധനത്തിന്റെ ആവശ്യമുണ്ടാകുന്നു. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'എല്ലാ നബിമാരും തങ്ങളുടെ ഉദ്ദേശ്യങ്ങൾ സമ്പൂർത്തീകരിക്കുന്നതിന് ധനാഹ്വാനം ചെയ്യുകയുണ്ടായി.'(മൽഫൂദാത്ത് വാല്യം1, പേജ് 233, 1984 പതിപ്പ്). വിശുദ്ധ ഖുർആനിലും വിവിധ കോണുകളിലൂടേയും രീതികളിലൂടേയും ധനത്യാഗത്തിന് സത്യവിശ്വാസികളുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി.

അല്ലാഹു വ്യക്തമായും പറഞ്ഞു, മതത്തിനു വേണ്ടി നിങ്ങൾ ചെയ്യുന്ന ത്യാഗങ്ങൾക്കും ധനം ചെലവഴിക്കുന്നതിനും പകരമായി അല്ലാഹു ദുൻയാവിലും ആഖിറത്തിലും പാരിതോഷികങ്ങൾകൊണ്ട് കടാക്ഷിക്കുന്നതാണ്. അല്ലാഹു കടം വെക്കുകയില്ല.

ഉദാഹരണത്തിന് ഒരിടത്ത് അവനെങ്ങനെയാണ് കടാക്ഷിക്കുന്നത്, എത്രത്തോളമാണ് കടാക്ഷിക്കുന്നത് എന്നതിനെ സംബന്ധിച്ച് പറയുന്നു: *മഥലുല്ലദീന യുൻഫിഖൂന അംവാലഹും ഫീ സബീലില്ലാഹി കമഥലി ഹബ്ബത്തിൻ അൻബത്തത്ത് സബ്അ സനാബില ഫീ കുല്ലി സുൻബുലത്തിൻ മ്മിഅ്ത്തു ഹബ്ബത്തിൻ വല്ലാഹു യുളായിഫു ലിമൻയ്യശാഉ വല്ലാഹു വാസിഉൻ അലീം.*

അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവാക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടേതു പോലെയാകുന്നു. അത് ഏഴു കതിരുകളെ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറുമണിവീതം ഉണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ (ഇതിനെക്കാൾ) ഇരട്ടിയായി നല്കുന്നതാണ്. അല്ലാഹു ഔദാര്യവാനും സർവജ്ഞനുമാകുന്നു.(2:262)

അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരുടെ ഉദാഹരണം ഇതാണ്. അവർ ആത്മാർഥമായി അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നു. അല്ലാഹു അവർക്ക് കടം വെക്കുകയില്ല. പ്രത്യുത അവരെ ഈ ലോകത്തും കടാക്ഷിക്കുന്നു. പരലോകത്തും കടാക്ഷിക്കുന്നു. ഇക്കാലഘട്ടത്തിൽ അല്ലാഹു ദീനിന്റെ പ്രചാരണത്തിന് നബി(സ)തിരുമേനിയുടെ സത്യസേവകനെ അയച്ചു. അദ്ദേഹത്തെ വിശ്വസിക്കുന്നവരുടേയും ഉത്തരവാദിത്വമാണ് ദീനിന്റെ പ്രചാരണത്തിന്, ഇസ്‌ലാമിന്റെ സന്ദേശം ലോകത്തെത്തിക്കുന്നതിന് ലോകത്തെ ഏകനായ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുവിപ്പിക്കുന്നതിന് തങ്ങളുടെ നിർബന്ധ കടമകൾ നിറവേറ്റുക എന്നത്. അവർ ആത്മാർഥമായി അങ്ങനെ ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടേയും പാരിതോഷികങ്ങളുടേയും അനന്തരാവകാശികളായിത്തീരും. നബി(സ)തിരുമേനി പറഞ്ഞു: നമസ്കരിക്കുക, നോമ്പുപിടിക്കുക, അല്ലാഹുവിനെ സ്മരിക്കുക, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കപ്പെട്ട ധനത്തിന് 700 ഇരട്ടി വർധിപ്പിച്ച് കൊടുക്കുന്നതാണ്.(സുനൻ അബീദാവൂദ്, കിതാബുൽ ജിഹാദ്, ഹദീഥ് 2498)അതായത് നിങ്ങൾ ചെയ്യുന്ന ധനത്യാഗങ്ങളോടൊപ്പം ഇക്കാര്യങ്ങളും നിർബന്ധമാണ്. ഈ ഹദീഥിൽ ഒരു യഥാർഥ സത്യവിശ്വാസിയുടെ ചിത്രം കോറിയിട്ടിരിക്കുന്നു. അതായത് വെറും ധനത്യാഗം ചെയ്ത്, ഞാൻ ഇത്ര ധനത്യാഗം ചെയ്തിരിക്കുന്നു ഇനി നീ പറഞ്ഞതനുസരിച്ച് എനിക്ക് 700 ഇരട്ടി വർധിപ്പിച്ച് നല്കണേ എന്നു പറഞ്ഞാൽ മാത്രംമതി എന്ന് മനസ്സിലാക്കരുത്. പ്രത്യുത അതിനോടൊപ്പം തന്റെ ആരാധനളുടെ നിലവാരവും ഉയർത്തേണ്ടതായിവരും. നിങ്ങളുടെ ആത്മാവിന്റെ അവസ്ഥയും നന്നാക്കേണ്ടതായി വരും. ദൈവസ്മരണകൊണ്ട് നിങ്ങളുടെ നാവും ആർദ്രമാക്കി വെക്കേണ്ടിവരും. അനാവശ്യകാര്യങ്ങളിൽനിന്ന് വിട്ടുനില്ക്കേണ്ടിവരും. വിശുദ്ധരായിക്കൊണ്ട് അല്ലാഹുവിന്റെ തൃപ്തിമാത്രം കാംക്ഷിച്ച് ധനത്യാഗവും ചെയ്യേണ്ടിവരും. പിന്നീട് അല്ലാഹു മനുഷ്യൻ അത്ഭുതപ്പെട്ടുപോകും വിധം അനുഗ്രഹിക്കുന്നതായിരിക്കും.

ചില നേരത്ത് അല്ലാഹു നമ്മുടെ അൽപ

മാത്ര കർമങ്ങളും സ്വീകരിച്ചുകൊണ്ട് എങ്ങനെ കടാക്ഷിക്കുന്നുവെന്നാൽ മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു. ഇങ്ങനെ കടാക്ഷിക്കുന്നത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്. അതുമുഖേന അല്ലാഹുവിലുള്ള വിശ്വാസം വർധിക്കുന്നു. അവൻ പറയുന്നതിലുള്ള ദൃഢവിശ്വാസം ആദ്യത്തെക്കാൾ കൂടുന്നു. എന്തായാലും മനുഷ്യന്റെ പരിശ്രമം ഉണ്ടാകേണ്ടതാണ്. താൻ ഇത്രമാത്രം ത്യാഗം ചെയ്തു എന്നും മറ്റു കർമങ്ങൾ ഇല്ലെങ്കിൽത്തന്നെയും തീർച്ചയായും അല്ലാഹു തന്നെ അനുഗ്രഹിക്കുമെന്നും എന്നു കരുതി സന്തോഷിക്കരുത്. അതുകൊണ്ട് ധനത്യാഗം ചെയ്യുന്നവർ തങ്ങളുടെ ആത്മീയാവസ്ഥയിലേക്കും ദൃഷ്ടിപതിപ്പിക്കേണ്ടത് വളരെ അനിവാര്യമാണ്. അപ്പോഴാണ് അല്ലാഹുവിന്റെ സമ്മാനങ്ങൾക്ക് യഥാർഥ അനന്തരാവാശി ആകുന്നത്.

അല്ലാഹു എപ്പോഴും സത്യവിശ്വാസികളെ കടാക്ഷിച്ചുകൊണ്ടിരുന്നിട്ടുണ്ട്. അതിന്റെ അതിരറ്റ ഉദാഹരണങ്ങൾ ജമാഅത്തിൽ നിലവിലുണ്ട്. ആദ്യമുള്ളവരുടെ ഉദാഹരണങ്ങൾ മാത്രം നമ്മൾ നല്കാറില്ല. അല്ലാഹു എങ്ങനെയാണ് അനുഗ്രഹിക്കുന്നതെന്ന് അവർക്ക് ദൃഢവിശ്വാസമുണ്ടായിരുന്നതെന്നതിന് ആദ്യമുള്ളവരുടെ ഉദാഹരണങ്ങളുമുണ്ട്, വർത്തമാന കാലത്തെ ഉദാഹരണങ്ങളുമുണ്ട്.

പഴയകാലത്തെ, ആദ്യമുള്ളവരുടെ ഉദാഹരണങ്ങളിൽ ഹദ്റത്ത് റാബിഅ ബസ്‌രിയുടെ ഒരു സംഭവം വിവരിക്കപ്പെട്ടു. എന്തായിരുന്നു അവരുടെ തവക്കുൽ? ഒരിക്കൽ വീട്ടിലിരിക്കുകയായിരുന്നു. 20 അതിഥി വന്നു. വീട്ടിൽ വെറും രണ്ടു റൊട്ടിയാണുണ്ടായിരുന്നത്. അവർ സേവകയോടു പറഞ്ഞു: ഈ രണ്ടു റൊട്ടിയും കൊണ്ടുപോയി ഏതെങ്കിലും പാവത്തിന് നല്കി വരുക. അല്ലാഹുവിലുള്ള തവക്കുലിനും അതിന്റേതായൊരു പ്രത്യേക രിതിയുണ്ട്. സേവക സങ്കടത്തിലായി. ഈ നല്ലയാളുകളും ഇടയ്ക്ക് വിസ്മയം ജനിപ്പിക്കുന്ന വിഡ്ഢികളാകാറുണ്ടെന്ന് അവൾ വിചാരിച്ചു. വീട്ടിൽ അതിഥികൾ വന്നിരിക്കുന്നു. കുറച്ചുണ്ടായിരുന്ന റൊട്ടിയും പാവത്തുങ്ങൾക്ക് കൊടുക്കാനാണ് ഇവർ പറയുന്നത്. ഇങ്ങനെ അവൾ ചിന്തിച്ചതേയുള്ളു, അല്ലെങ്കിൽ കൊടുത്തു വന്നതേയുള്ളു കുറച്ചു കഴിഞ്ഞ് പുറത്തുനിന്ന് ഒരു സ്ത്രീ വന്നിരിക്കുന്നുവെന്ന ശബ്ദം കേട്ടു. ഏതോ സമ്പന്ന അവരെ അയച്ചതാണ്. അവർ 18 റൊട്ടിളുമായാണ് വന്നത്. അതു തന്റേതല്ലെന്ന് പറഞ്ഞ് റാബിഅ ബസ്‌രി അതു മടക്കി. നിങ്ങൾ അതു വെച്ചുകൊള്ളാൻ ആ സേവക പറഞ്ഞു. അതുപറ്റില്ലെന്ന് റാബിഅ ബസ്‌രി പറഞ്ഞു. അല്ലാഹു അയച്ചതാണെന്ന് പറഞ്ഞ് സേവക വളരെ ശക്തി ചെലുത്തി. അവർ പറഞ്ഞു. അല്ല, അതെന്റേതല്ല. വെച്ചുകൊള്ളാൻ വീണ്ടും ആ സേവക പറഞ്ഞു. എന്തായാലും കുറച്ചു കഴിഞ്ഞ് അയൽവാസിയായ സമ്പന്ന തന്റെ സേവകയോടു നീ എവിടെ പോയെന്ന് ചോദിച്ചു. റാബിഅ ബസ്‌രിയുടെ വീട്ടിൽ 20 റൊട്ടിയുമായാണ് പോകേണ്ടിയിരുന്നത്. നിന്റെ കൈയിലുള്ളത് അവരുടേതല്ല. അത് ഞാൻ മറ്റാർക്കോ കൊടുക്കാൻ തന്നതാണ്. റാബിഅ ബസ്‌രി പറയുന്നു: ഞാൻ രണ്ടു റൊട്ടി കൊടുത്തയച്ചിരുന്നു, അത് പത്തിരട്ടിയാക്കി അയക്കുമെന്ന്.

അതുകൊണ്ട് രണ്ടിനുപകരം 20 ലഭിക്കണമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലാണ് ഈ സംഭവം വിവരിച്ചത്.വിശുദ്ധ ഖുർആനിലെ വിവിധ ആയത്തുകളുടെ ഉദ്ധരണിയും അവിടന്ന് നല്കിയിട്ടുണ്ട്. ഉദ്ധരണി നല്കിക്കൊണ്ട് അവിടന്ന് പറഞ്ഞു: ചില സ്ഥലങ്ങളിൽ ഒന്നിനു പകരം പത്തും ചിലയിടത്ത് ഒന്നിനുപകരം എഴുന്നൂറും പറഞ്ഞിട്ടുണ്ട്. ഈ പകരം നല്കൽ നന്മയുടെ സന്ദർഭവും സാഹചര്യവും അനുസരിച്ചാണ്. അതായത് നന്മ ഏതു അവസരത്തിൽ എങ്ങനെയാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നോക്കിയാണ്. ത്യാഗം ചെയ്യുന്നയാൾ ഏതുപരിധിവരെ ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് റാബിഅ ബസ്‌രിയുടെ ഈ സംഭവം വിവരിച്ചു. അല്ലാഹു ഇങ്ങനെയാണ് കടാക്ഷിക്കുന്നതെന്ന് പറഞ്ഞു. പക്ഷേ, നിങ്ങൾ അല്ലാഹുവിനെ പരീക്ഷിക്കുക എന്നുദ്ദേശ്യത്തോടെ എപ്പോഴും ഇങ്ങനെ ചെയ്യരുത്.(ഹഖാഇഖുൽ ഫുർഖാൻ പേജ് 420-421)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് എല്ലാവർഷവും മില്യൺ കണക്കിന് പൗണ്ടുകൾ സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും, മസ്ജിദുകൾ നിർമിക്കുന്നതിനും, മിഷൻഹൗസുകൾ നിർമിക്കുന്നതിനും മറ്റു പദ്ധതികൾക്കുമായി ചെലവഴിക്കുന്നു. യൂറോപ്പിലേയും വികസിത രാഷ്ട്രങ്ങളിലേയും ഭൂരിഭാഗം തുകയും ആഫ്രിക്ക, ഭാരത്, മറ്റു ദരിദ്രരാഷ്ട്രങ്ങളിലാണ് ചെലവഴിക്കപ്പെടുന്നത്.

ദരിദ്ര രാഷ്ട്രങ്ങളിൽ താമസിക്കുന്നവർക്കും സമ്പന്ന രാഷ്ട്രങ്ങളിൽ താമസിക്കുന്നവർക്കും അവരവരുടേതായ അനുഭവങ്ങളുണ്ട്. അവർ തങ്ങളുടെ ആവശ്യങ്ങൾ ബലി കഴിച്ച് അല്ലാഹുവിന്റെ വഴിയിൽ ത്യാഗങ്ങൾ ചെയ്യുന്നു. ഇപ്പോൾ ഞാൻ സംഭവങ്ങളും പറയുകയാണ്. ഇതിൽനിന്ന് എങ്ങനെയാണ് അല്ലാഹു ആ ത്യാഗം ചെയ്യുന്നവരോടു പെരുമാറുന്നതെന്നും ആത്മാർഥരായവരും ഏതു വികാരാവേശത്തോടെയാണ് തങ്ങളുടെ ത്യാഗങ്ങൾ സമർപിക്കുന്നതെന്നും അറിയാൻ കഴിയുന്നു.................

ഗാംബിയാ(Gambia)യിലെ അമീർ സാഹിബ് എഴുതുന്നു: ചെറിയ ചെറിയ സംഭവങ്ങളാണെങ്കിലും ദരിദ്രരായ അഹ്മദികളെ സംബന്ധിച്ച് വളരെയേറെ പ്രധാന്യമുള്ളതാണ്. ഒരു ഗ്രാമവാസിയായ സുഹൃത്ത് അദ്ദേഹത്തിന്റെ പേര് പാഥേ സീസേ എന്നാണ്. 2014-ലാണ് ബയ്അത്ത് ചെയ്തത്. അദ്ദേഹം പറയുന്നു: ജമാഅത്തിൽ പ്രവേശിക്കുന്നതിനുമുമ്പേ ജോലിയൊന്നുമുണ്ടായിരുന്നില്ല. പല പ്രാവശ്യം ജോലിക്കായി ശ്രമിച്ചെങ്കിലും ഒന്നും ശരിയായില്ല. അദ്ദേഹം പറയുന്നു: ജമാഅത്തിൽ പ്രവേശിച്ചതിനുശേഷം ചന്ദകൾ നൽകാനും ജമാഅത്തിന്റെ ജോലികൾ ചെയ്യാനും തബ്‌ലീഗ് പരിപാടികളിലും മറ്റും പങ്കെടുത്തുവരുന്നു. ഇതിന്റെ എല്ലാം ഫലമായി ഇന്ന് രണ്ട് സ്ഥലങ്ങളിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്നു. ജോലി ഇല്ലാതിരുന്ന അവസ്ഥയിൽ താമസിക്കാൻ വീടില്ലാത്തതിനാൽ ബുദ്ധിമുട്ടിയിരുന്നു. എന്നാൽ, ഇപ്പോൾ അടച്ചുറപ്പുള്ള വീടുണ്ട്. ആളുകൾ പറയുന്നത് ജമാഅത്ത് അവരെ സഹായിച്ചു എന്നാണ്. അതിനു മറുപടിയായി അദ്ദേഹം പറയുന്നത്, ജമാഅത്തല്ല എന്നെ സഹായിച്ചത് മറിച്ച് ഞാൻ ചന്ദകൾ നൽകിയതിന്റെ ഫലമായി അല്ലാഹുവാണ് എന്നെ സഹായിച്ചത്.

ഇന്തൊനേഷ്യയിലെ അമീർ സാഹിബ് എഴുതുന്നു: അവിടെയുള്ള ഒരു അഹ്മദിയുടെ ഫാക്ട്രി നല്ലനിലയിലയിരുന്നില്ല പ്രവർത്തിച്ചിരുന്നത്. കഴിഞ്ഞവർഷം തഹ്‌രീക്കെ ജദീദിനെ സംബന്ധിച്ചുള്ള പല സംഭവങ്ങളും വിവരിച്ചുകൊണ്ട് പുതുവർഷ വിളംബരം നടത്തിയിരുന്നു. ഇത് അദ്ദേഹത്തിൽ വലിയ സ്വാധീനമുണ്ടാക്കുകയും ഉടനെ അദ്ദേഹം പുതുവർഷത്തെ വാഗ്ദാനം കഴിഞ്ഞ വർഷത്തേക്കാൾ രണ്ടിരട്ടിയായി എഴുതിക്കുകയും ചെയ്തു.' തുടർന്ന് ആ വാഗ്ദാനം അദ്ദേഹം പൂർത്തിയാക്കുകയുണ്ടായി. അതുകഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞപ്പോൾത്തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ വിൽപനയിൽ വർധനവുണ്ടാകാൻ തുടങ്ങി. ഇപ്രകാരംതന്നെ മുടങ്ങിക്കിടന്നിരുന്ന ഒരു കമ്പനിയുമായി അവരുമായി കച്ചവടമുണ്ടായിരുന്നു, വ്യാപാരം പുനസ്ഥാപിച്ചു. പറയുന്നു: ഈ വർഷത്തെ എന്റെ കമ്പനിയുടെ വരുമാനം കഴിഞ്ഞ വർഷത്തേക്കാൾ പല മടങ്ങ് ഇരട്ടിയായിരിക്കുന്നു.

ജർമനിയിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു: ഹറഹാദ് സാഹിബ് വേസ്ബാദനി (Wiesbaden)ലെ ഒരു സ്ത്രീയെ ജോലിയിൽ നിന്നു പിരിച്ചു വിട്ടു. അവരുടെ വരുമാനവും നിലച്ചു. ഭർത്താവിനെ വിളിക്കണമായിരുന്നു. എന്നാൽ, സ്പോൺസർ ചെയ്യുക സാധ്യമായിരുന്നുല്ല. തന്റെ സഹോദരനെ വിഷമങ്ങൾ അറിയിച്ചു. ഉടനെ അദ്ദേഹം പറഞ്ഞു, 'അതിനുള്ള പ്രതിവിധി ദുആ ചെയ്യലും ചന്ദ നൽകലുമാകുന്നു.' അവർ തങ്ങളുടെ സ്വർണം വിറ്റുകൊണ്ട് ചന്ദ നൽകിയതിനാൽ ദിവസങ്ങൾക്കു ശേഷം താങ്കളെ ജോലിയിൽ സ്ഥിരപ്പെടുത്തി എന്ന സന്ദേശം ജോലിസ്ഥലത്തുനിന്നു ലഭിക്കുകയുണ്ടായി. കൂടാതെ വരുമാനം രണ്ടായിരം യൂറോ വർധിച്ചു. അതിലൂടെ തന്റെ ഭർത്താവിനെ സ്പോൺസർ ചെയ്യാനും സാധിച്ചു.

ഇന്ത്യയിലെ വക്കീലുൽമാൽ സാഹിബ് അറിയിക്കുന്നു: ഇവിടെ ഒരു സാഹിബുണ്ട്. അദ്ദേഹം തഹരീക്കെ ജദീദിന്റെ സാമ്പത്തിക ത്യാഗത്തിൽ മുൻപന്തിയിലാണ്. അദ്ദേഹത്തോട് ബഡ്ജറ്റിൽ വർധന വരുത്താൻ പറഞ്ഞപ്പോൾ എത്ര വർധനയാണ് വരുത്തേണ്ടതെന്ന് ചോദിച്ചു. താങ്കളുടെ കഴിവിനനുസരിച്ച് വർധിപ്പിച്ചാലും എന്ന് അദ്ദേഹത്തോട് പറഞ്ഞു. എന്നാൽ, അദ്ദേഹം മുബല്ലിഗിനോടും കേന്ദ്രപ്രതിനിധിയോടും എത്ര വർധിപ്പിക്കണമെന്ന് നിർബന്ധിച്ച് ചോദിച്ചപ്പോൾ കേന്ദ്ര പ്രതിനിധി പത്ത് ലക്ഷം വർധിപ്പിക്കാൻ പറഞ്ഞു. അദ്ദേഹം ആദ്യം അഞ്ചുലക്ഷം നൽകിയിരുന്നതാണ്. പിന്നീട് വർധിപ്പിച്ച തുകയും നൽകുകയുണ്ടായി. അദ്ദേഹം പറയുന്നു: 'എനിക്ക് ഒരു വീടുണ്ടായിരുന്നു അതിന്റെ റജിസ്ട്രേഷൻ നടക്കുന്നില്ലായിരുന്നു. അതിനാൽത്തന്നെ വലിയ നഷ്ടമുണ്ടാവുമെന്ന തോന്നൽ എനിക്കുണ്ടായിരുന്നു. എന്നാൽ, ചന്ദ വർധിപ്പിച്ചതിലൂടെ ആ തടസവും നീങ്ങികിട്ടുകയുണ്ടായി. നഷ്ടമുണ്ടാവും എന്ന് വിചാരിച്ചിട്ടും അല്ലാഹു അതിൽനിന്ന് സംരക്ഷിക്കുകയുണ്ടായി. ദരിദ്രനായലും ധനാഢ്യനായാലും അല്ലാഹു അവന്റെ കടം വീട്ടുകതന്നെ ചെയ്യും. ദരിദ്രനോടും ധനാഢ്യനോടും കടം വെക്കുകയില്ല. ഓരോരുത്തരിലും അവൻ അനുഗ്രഹങ്ങൾ വർഷിക്കുന്നതാണ്.

ഓരോരുത്തർക്കും അവനനുസരിച്ച് അനുഗ്രഹിക്കുന്നതാണ്. ഇന്ത്യയിൽ നിന്നു വക്കീലുൽമാൽ സാഹിബ് എഴുതുന്നു: "കശ്മീരിലെ ഒരു ഡോക്ടർ പ്രൊഫസർ സാഹിബുണ്ട്. അദ്ദേഹം ശേറെ കശ്മീർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്. അദ്ദേഹം തന്റെ വാഗ്ദാനങ്ങൾ പൂർത്തിയാക്കിയിരുന്നു. അതിനു ശേഷം അദ്ദേഹം പറയുകയുണ്ടായി: എനിക്ക് പ്രൊമോഷൻ കൈവന്നിരിക്കുന്നു. എന്നെ അഗ്രോണമിയിൽ

Professor-cum-Chief Scientist ആക്കിയിരിക്കുന്നു. എന്റെ വരുമാനത്തിലും അസാധരണവർധന വന്നിരിക്കുന്നു. അതിനാൽ അദ്ദേഹം തന്റെ തഹ്‌രീക്കെ ജദീദ് ചന്ദയിലും വർധന വരുത്തി.

മൗറീഷ്യസ്(Mauritius)ലുള്ള ഒരു വനിത പറയുന്നു: കഴിഞ്ഞ വർഷം തഹ്‌രീക്കെ ജദീദുമായി ബന്ധപ്പെട്ട് കുറച്ച് സംഭവങ്ങൾ കേൾക്കാൻ ഇടയായി. അതിനു ശേഷം ഭർത്താവ് പറഞ്ഞു: നൽകാൻ ബുദ്ധിമുട്ടുള്ള അത്ര തുക വാഗ്ദാനമായി എഴുതിക്കണം. അങ്ങനെ മൗറീഷ്യൻ രൂപ അനുസരിച്ച് എഴുപത്തി അയ്യായിരം രൂപ വഗ്ദാനമായി എഴുതിച്ചു. പറയുന്നു: ആ അവസരത്തിൽ എന്റെ ഭർത്താവ് ഒരു മെഡിക്കൽ കമ്പനിയിലാണ് ജോലി ചെയ്തിരുന്നത്. കഴിഞ്ഞ മൂന്നു വർഷമായി വരുമാനത്തിൽ ചെറിയ വർധനയാണ് ഉണ്ടായിരുന്നത്. എന്നാൽ, വാഗ്ദാനം കൂട്ടി എഴുതിച്ചതിന് ശേഷം പ്രൈവറ്റ് ആശുപത്രിയിൽ ജോലി ലഭിക്കുകയുണ്ടായി. കൂടാതെ മാതാവിന് ആയിരം രൂപ ഞാൻ സമ്മാനമായും നൽകുകയുണ്ടയി. ജോലിക്കായി ഇന്റർവ്യു ഉണ്ടായിരൂനു. ഭർത്താവ് എന്നോട് പറഞ്ഞു: ഇന്റർവ്യൂവിന്റെ സമയത്തുതന്നെ എനിക്ക് ജോലി ഉറപ്പായും ലഭിക്കുമെന്നും ഞാൻ ത്യാഗം ചെയ്ത അത്രയും രൂപ എനിക്ക് വരുമാനമയി ലഭിക്കുമെന്നുമുള്ള ചിന്ത എനിക്കുണ്ടായിരൂന്നു. ഇന്റർവ്യൂ കഴിഞ്ഞ് എന്നെ ജോലിയിലെടുക്കുകയും എഴുപത്താറായിരം രൂപയാണ് ശമ്പളം എന്ന് അറിയിക്കുകയും ചെയ്തു. എന്റെ വാഗ്ദാനം എഴുപത്തയ്യയിരം ആയിരുന്നു. കൂടാതെ ഞാൻ മാതാവിന് നൽകിയ ആയിരം രൂപയും അല്ലാഹു എനിക്ക് തിരിച്ച് നൽകുകയുണ്ടായി.

ബംഗ്ലാദേശിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു: 'ഇവിടെയുള്ള ഒരു സാഹിബിന് കൊറൊണ കാരണം വലിയ നഷ്ടങ്ങളുണ്ടായി. വലിയ തുക ചന്ദ നൽകാനുമുണ്ടായിരുന്നു. തഹ്‌രീക്കെ ജദീദ് ചന്ദയെ കുറിച്ച് ഓർമപ്പെടുത്തിയപ്പോൾ ഭാര്യ സ്വരുക്കൂട്ടി വെച്ചിരുന്നതിൽ നിന്നു പതിനൊന്നായിരത്തി അഞ്ഞൂറു രൂപ നൽകുകയുണ്ടായി. എന്നിട്ടും ബാക്കി പകുതി ഇനിയും നൽകാനുണ്ടായിരുന്നു. എന്തായിരുന്നാലും മാസാവസാനം ബാക്കി ചന്ദയുടെ തുകയും വന്ന് വാങ്ങിക്കൊള്ളാനുള്ള അറിയിപ്പ് ഭാര്യ നൽകുകയുണ്ടായി. നമ്മുടെ ടീം അവിടെ എത്തിച്ചേർന്നപ്പോൾ വാഗ്ദാനം ചെയ്തതിനേക്കാൾ മൂന്നിരട്ടി അധികം ചന്ദ നൽകി. നിർബന്ധ ചന്ദയുടെ ബാക്കി തുകയും നൽകി. കൂടാതെ ഞങ്ങളുടെ ആഗ്രഹം അല്ലാഹു സാധിച്ചു തന്നു എന്ന സന്തോഷവാർത്തയും അറിയിക്കുകയുണ്ടായി. കാലങ്ങളായി വീട് വെക്കാൻ സ്ഥലം അന്വേഷിക്കുകയായിരുന്നു. എന്നാൽ, ചന്ദ നൽകിയതിന്റെ ഫലമായി വീട് വെക്കനുള്ള സ്ഥലം വാങ്ങാനുള്ള അവസരവും ഒരുക്കിക്കൊടുത്തു. വരുമാനവും വർധിച്ചു. ചന്ദയും നൽക. സ്ഥലം വാങ്ങാനുള്ള സൗഭാഗ്യവും അല്ലാഹു നൽകുകയുണ്ടായി.

ബുർക്കിനാ ഫാസോ (Burkina Faso)യിൽ ഒരു സഹോദരനുണ്ട്. അദ്ദേഹം അധ്യാപകനാണ്, അദ്ദേഹത്തിന് വാഹനം വാങ്ങാനുള്ള അവസരം ലഭിച്ചപ്പോൾ കൂടെയുള്ള അധ്യാപകർ പറഞ്ഞു: 'ഞങ്ങളും അധ്യാപകരാണ്. എന്നാൽ, ഞങ്ങൾക്ക് വാഹനം വാങ്ങാനുള്ള അവസരം ലഭിച്ചില്ല. തീർച്ചയായും ജമാഅത്ത് നിങ്ങളെ സഹായിച്ചതാവാം.' ഞാൻ അവരോട് പറഞ്ഞു: 'ഇത് ജമാഅത്ത് സഹായിച്ചതല്ല. മറിച്ച് ഞാൻ നൽകിയ ചന്ദ കാരണം അല്ലാഹു എന്റെ ധനത്തിൽ അനുഗ്രഹം വർഷിച്ചതാണ്.' അദ്ദേഹം പറയുന്നു: 'ഞാൻ വിദ്യാർഥിയായിരുന്ന കാലം തൊട്ട് ചന്ദ നൽകുമായിരുന്നു. അതിനാലെപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹം എനിക്ക് ലഭിച്ചിരുന്നു.'

ജർമനിയിലെ ഒസ്നാബ്രക്(Osnabruck) ജമാഅത്തിലെ ഒരു സാഹിബ് എഴുതുന്നു: 'തഹ്‌രീക്കെ ജദീദുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു യോഗം നടത്തുകയുണ്ടായി. അഞ്ഞൂർ യൂറൊ വർധിപ്പിക്കാൻ വേണ്ടി ഞാൻ കൊണ്ടുവന്നിരുന്നു. അപ്പോൾ അദ്ദേഹത്തോടു റസീദ് ബുക്ക് തീർന്നിരിക്കുന്നുവെന്ന് പറഞ്ഞി. അദ്ദേഹം പറയുന്നു, ഞാൻ മടങ്ങിപ്പോയി. വീട്ടിൽ ജോലി ചെയ്തിരുന്ന എന്റെ ജോലിക്കാരന് പൈസ കൊടുക്കാനുണ്ടായിരുന്നു, അത് അദ്ദേഹത്തിന് നൽകി. രാത്രി അദ്ദേഹം എന്നെ സ്വപ്നത്തിൽ കണ്ടു. ഞാൻ അദ്ദേഹത്തോട് 500 യൂറൊ ചോദിക്കുന്നു. അതിന്റെ അർഥം തഹ്‌രീക്കെ ജദീദിന്റെ ചന്ദയാണെന്ന് എനിക്ക് മനസ്സിലായി. ഞാൻ ഭാര്യക്ക് സ്വപ്നം കേൾപ്പിച്ചപ്പോൾ അയ്യായിരം യൂറോ തഹ്‌രീക്കെ ജദീജിന് നൽകണമെന്ന് പറയുകയുണ്ടായി. കുറച്ചു ദിവസങ്ങൾക്കുശേഷം കൊറൊണ ഹെൽപ് എന്ന എന്റെ അക്കൗണ്ടിൽ ഇരുപത്തി ഒന്നായിരത്തിൽ അധികം രൂപ വരുകയുണ്ടയി. അത് എന്റെ ചിന്തയിലോ സങ്കല്പത്തിലോ പോലും ഉണ്ടായിരുന്നില്ല?

കനഡ(Canada)യിലുള്ള ലജ്നാ സഹോദരി അറിയിക്കുന്നു: സാമ്പത്തികമായ ബുദ്ധിമുട്ട് ഉണ്ടായിരുന്നു. എന്റെ വാഗ്ദാനമെങ്ങനെ പൂർത്തിയക്കുമെന്ന ചിന്തയും അലട്ടുന്നുണ്ടായിരുന്നു. ഇതിനെ സംബന്ധിച്ച് വലിയ ചിന്തയായിരുന്നു. കൂടെ ദുആയും ചെയ്തു കൊണ്ടിരുന്നു. എന്റെ നിയ്യത്ത് പരിശുദ്ധമായിരുന്നു. ചന്ദ അടച്ച് തീർക്കാനുള്ള ഒരു വഴിയും കാണുന്നില്ലായിരുന്നുവെങ്കിലും ഞാൻ ദുആ ചെയ്തു കൊണ്ടേ ഇരുന്നു. പിന്നിട് എന്തു സംഭവിച്ചുവെന്നാൽ ഒരു രാത്രി എന്റെ മകൾ തന്റെ ജനന സർട്ടിഫിക്കറ്റ് തിരയുകയായിരുന്നു. ആ സന്ദർഭത്തിൽ പഴയ ഒരു പേഴ്സ് ലഭിക്കുകയുണ്ടായി. അവർ പറയുന്നു: ഞാൻ അമേരിക്ക പോവുന്നതിന് കുറച്ച് നാളുകൾക്കുമുമ്പേ അതായത് എട്ട് വർഷങ്ങൾക്ക് മുമ്പേ ഞാൻ അമേരിക്കയിൽ പോയിരുന്നു. ആ സമയത്ത് ചെലവ് ചെയ്യാൻ കുറച്ച് തുക എടുത്തു വെച്ചിരുന്നു. അതിൽ ബാക്കിവെന്ന തുക ഞാൻ അതിൽത്തന്നെ വെച്ചിരുന്നതാണ്. പിന്നീട് ഞാൻ അത് മറന്നുപോയി. എന്നാൽ, ഇപ്പോൾ ഞാൻ അതിൽനിന്ന് ആ തുക എടുത്തപ്പോൾ ഞാൻ ചന്ദയായി നൽകേണ്ട അത്രയും തുക അതിലുണ്ടായിരുന്നു. അതിനാൽ അല്ലാഹു ഈ രീതിയിലും സഹായിക്കുന്നതാണ്.

ഗിനികൊണാക്രി(Guinea Conakry) യിലെ സ്വദ്ർ സാഹിബ് എഴുതുന്നു: ദരിദ്രയായ ഒരു വനിതയുണ്ട്. ചെറിയ ചെറിയ സാധനങ്ങൾ വിറ്റുകൊണ്ടാണ് തന്റെ ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്നത്. തഹ്‌രീക്കെ ജദീദിനായി നിശ്ചയിക്കപ്പെട്ട പത്ത് ദിവസങ്ങളിലെ ഒരു ദിവസം അവരുടെ വീട്ടിൽ പോവുകയും തഹ്‌രീക്കെ ജദീദ് ചന്ദ നൽകാൻ ഓർമപ്പെടുത്തുകയും ചെയ്തു. അവർ പറഞ്ഞു: 'ഈ ചെറിയ വരുമാനംകൊണ്ട് വളരെ ബുദ്ധിമുട്ടിലാണ്. കച്ചവടം ഞാൻ കടം വാങ്ങിയാണ് തുടങ്ങിയത്. ഇപ്പോൾ വരുമാനം ഇല്ലാത്തതിന് സമമാണ്. കടം വീട്ടാൻപോലും സാധിക്കുന്നില്ല. എന്നിരുന്നാലും അവർക്ക് മനസ്സിലാക്കിക്കൊടുക്കുകയും ദുആ ചെയ്യാൻ പറയുകയും ചെയ്തു. ആ സ്ത്രീ അവരുടെ കൈവശമുണ്ടായിരുന്ന ഇരുപതിനായിരം ഫ്രാങ്ക് ചന്ദയായി നൽകി. സാഹചര്യങ്ങൾക്കെതിരെ പോരടിക്കൊണ്ടിരുന്ന ആ പാവം വനിതക്ക് ഇത് വലിയ ഒരു തുകയായിരുന്നു. കുറച്ച് ദിവസങ്ങൾക്കു ശേഷം നമ്മുടെ മിഷ്ണറി എന്തോ ആവിശ്യത്തിന് അവരെ കാണുന്നതിന് ചെന്നപ്പോൾ ആ സ്ത്രീ സന്തോഷംകൊണ്ട് ആവേശത്തോടെ പറഞ്ഞു: അല്ലാഹു എന്റെ എല്ലാ ബുദ്ധിമുട്ടുകളും അകറ്റിതന്നിരിക്കുന്നു. എന്റെ സധാരണ കച്ചവടം നല്ല നിലയിൽ പോവുന്നു. എന്റെ എല്ലാ കടങ്ങളും അവസാനിച്ചിരിക്കുന്നു. ഇതെല്ലാം എന്റെ ധനത്യാഗത്തിന്റെ അനുഗ്രഹമാണ്.

റഷ്യയിലെ താതാരിസ്താൻ എന്ന സ്ഥലത്ത് ഒരു സ്നേഹിതനുണ്ട്. ഫരീദ് ഇബ്റാഹീംമോവ്(Farid Ibrahimmov). അദ്ദേഹം പറയുന്നു: കഴിഞ്ഞ വേനൽക്കാലത്ത് എന്റെ ഫോണിൽ അസാധാരണമായൊരു സംഭവമുണ്ടായി. എന്റെ ബാങ്കിലെ ഓൺലൈൻ അക്കൗണ്ട് വഴി എന്റെ യാത്രക്കാരിൽ നിന്ന് തുക വസൂൽ ചെയ്തതിനുശേഷം സാമ്പത്തികമായി ദാനധർമം ചെയ്യുന്നതിനെ കുറിച്ച് ഹുദൂറിന്റെ ഖുത്ബ അതെന്റെ ഫോണിൽ സ്വയമേവ കിട്ടാൻ തുടങ്ങി. ഇത് ആദ്യ തവണയായിരുന്നില്ല. പ്രത്യുത വലിയ തുക എപ്പോഴെല്ലാം എന്റെ അക്കൗണ്ടിൽ വന്നിരുന്നുവോ അപ്പോഴെല്ലാം ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുമായിരുന്നു. അല്ലാഹു അവന്റെ അസ്തിത്വത്തിന്റെ തെളിവ് നൽകിക്കൊണ്ട് എന്നെ ഓർമപ്പെടുത്തുകയാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. ഇത് എന്നെ സംബന്ധിച്ചിടത്തോളം ഒരു അനുഗ്രഹമായാണ് ഞാൻ കണ്ടിരുന്നത്. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് ധനത്യാഗം ചെയ്യാനുള്ള സൗഭാഗ്യത്തിന് അർഹനായികൊണ്ടിരിക്കുന്നു. എപ്പോഴും ഫോണിൽ അസാധാരണ നിലയിൽ ഖുത്ബ വരികയോ വല്ല നിർദേശങ്ങൾ വരുകയോ ചെയ്തുകൊണ്ട് ധനത്യാഗം ചെയ്യാനുള്ള പ്രേരണ ഉണ്ടാകുമായിരുന്നു.

ടാൻസാനിയാ(Tanzania)യിലെ ഒരു ആത്മാർഥയായ സ്ത്രീ പറയുന്നു: ജിൽസയിൽ നിന്നു മടങ്ങുന്ന അവസരത്തിൽ ചന്ദ തഹ്‌രീക്കെ ജദീദ് നൽകാനുണ്ടെന്ന കാര്യം ഓർമവന്നു. അത് അടച്ച് തീർക്കാൻ ഒരു വഴിയും തെളിയുന്നില്ലായിരുന്നു. ഒരു വ്യക്തി അവരിൽ നിന്നു കടം വാങ്ങിയിരുന്നു. അത് ലഭിച്ചാൽ ചന്ദ നൽകാമെന്നാണ് കരുതിയിരുന്നത്. എന്നാൽ, കടം നൽകിയ ആളെ ഫോണിലൂടെ ബന്ധപ്പെടാൻ സാധിക്കുന്നില്ലായിരുന്നു. രോഗിയായിരുന്നതിനാൽ മരുന്നുവാങ്ങുന്നതിന് ദിവസവും ചെലവുകൾ വർധിച്ച് കൊണ്ടേയിരുന്നു. മക്കളുടെ സ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഫീസിന്റെ ചിന്തയും അലട്ടികൊണ്ടേയിരുന്നു. ഞാൻ മക്കളോടു ദുആ ചെയ്യാൻ പറഞ്ഞുകൊണ്ടിരുന്നു. അവർ പറയുന്നു: ബാങ്ക് വിളി കേട്ടുടനെ മക്കൾ പറഞ്ഞു: നമസ്ക്കരിക്കാൻ പോവാം, എന്നിട്ട് അല്ലാഹുവിനോട് ചോദിക്കാം. ഇത്തരത്തിൽ അല്ലാഹു മക്കളുടെ വിശ്വസത്തിലും ദൃഢത ഉണ്ടാക്കുന്നു. അല്ലാഹു നമ്മുടെ ദുആ സ്വീകരിക്കുകയും അതുമുഖേന ആ വ്യക്തിയുടെ മനസ്സിൽ പൈസ നൽകാൻ അല്ലാഹു തോന്നിപ്പിക്കുകയും തുടർന്ന് പണം ലഭി

ക്കുകയും ചെയ്തേക്കാം. അങ്ങനെ ഉമ്മയും മകനും വുളു എടുത്ത് നമസ്ക്കാരത്തിൽ അല്ലാഹുവിനോട് ആവശ്യപ്പെട്ടു. എന്നാൽ, അല്ലാഹു ചെയ്തത് എന്താണെന്ന് നോക്കുക! നമസ്ക്കാരം അവസാനിക്കുന്നതിന് മുമ്പ് തന്നെ ഫോൺ ബെല്ലടിക്കാൻ തുടങ്ങി. ഇത് പൈസ തിരികെ നൽകാനുണ്ടയിരുന്ന വ്യക്തിയുടെ ഫോൺ ആയിരുന്നു. അദ്ദേഹം പറഞ്ഞു ഞാൻ വാതിലിന്റെ അടുത്തുണ്ട് എന്റെ കയ്യിൽ നിങ്ങൾക്ക് നൽകാനുള്ള തുകയുണ്ട്. അദ്ദേഹം പരയുകയുണ്ടായി ഞാൻ ബസ്റ്റോപിൽ വേഗൻ കാത്ത് നിൽക്കുകയായിരുന്നു ആ സമയത്ത് ബാങ്ക് വിളി കേൾക്കാനിടയായി അതിന്റെ കൂടെ തന്നെ ആരോ കടം വാങ്ങിയത് തിരിച്ചടക്കാൻ പറയുന്നതായി എനിക്ക് തോന്നി അതിനാൽ ഞാൻ തുക തിരികെ നൽകാൻ വന്നതാണ്. ഉമ്മയും മകനും ഈ സംഭവം കേട്ടപ്പോൾ അല്ലാഹുവിന്റെ സ്തുതിയാൽ ഹൃദയം നിറഞ്ഞു. അല്ലാഹുവിനോട് നന്ദി എന്നവർ പറഞ്ഞു അവരുടെ മകൻ പറയുകയുണ്ടായി നോക്കുക നമ്മൾ നമസ്കരിച്ചത് കൊണ്ട് നമുക്ക് പൈസ ലഭിക്കുകയുണ്ടായി. പിന്നീട് അവർ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുകയുണ്ടായി.

സെന്റ് പീറ്റേർസ് ബർഗിലെ ഒരു സാഹിബ് ഇക്റാം ജാൻ സാഹിബ് പറയുന്നു: ഞാൻ എപ്പോഴും സമ്പൽസമൃതി ഉണ്ടാവുന്നതിന് ദുആ ചെയ്യാറുണ്ട് അതു മുഖേന ആവിശ്യക്കാരെ സഹായിക്കാനും പ്രതേകിച്ചും ചന്ദകൾ നൽകാനും സാധിക്കുന്നതാണല്ലോ. എന്നാൽ, എപ്പോഴും അത്ഭുതങ്ങൾ സംഭവിക്കാറുണ്ട്. അദ്ദേഹം പറയുന്നു: കഴിഞ്ഞ വർഷം എന്റെ കൈയിൽ മൂവായിരം റൂബിൾസ് കുറവായിരുന്നു. ചന്ദ നൽകാനുള്ള അവസാന ദിവസവുമായിരുന്നു. ജോലി ചെയ്യുന്ന സമയത്ത് എന്റെ അടുത്ത് രണ്ടാളുകൾ വരുകയുണ്ടായി. അതിലൊരാൾ എനിക്ക് ആയിരം റൂബിൾസും മറ്റൊരാൾ രണ്ടായിരം റൂബിൾസും നൽകി. ഇതേപോലെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. സാധാരണ ജോലി ചെയ്താൽ മുന്നൂറോ അഞ്ഞൂറോ റൂബിൾസ് മാത്രമാണ് ലഭിക്കുക. ഇപ്പോൾ ഞാൻ എന്റെ കൈയിലുള്ള കൂടുതൽ വരുമാനം അല്ലാഹുവിന്റെ മാർഗത്തിൽ നൽകുന്നു.

ഇത് കുറച്ചു സംഭവങ്ങളാണ് ഞാൻ അവതരിപ്പിച്ചത്. ആത്മാർഥതയോടെ സാമ്പത്തിക ത്യാഗത്തിൽ പങ്കെടുക്കുന്നവരെ അല്ലാഹു എങ്ങനെയാണ് സഹായിക്കുന്നതെന്നതിനുള്ള ചില ഉദാഹരണങ്ങൾ.

ഇനി ഞാൻ ഇതിനുശേഷം തഹ്രീക്കെ ജദീദിന്റെ നവവത്സരവിളംബരം നടത്തുകയാണ്. ഒക്ടോബർ 31 ന് 88-ാം വർഷം സമാപിക്കുകയും നവംബർ 1ന് 89-ാം വർഷം ആരംഭിക്കുകയും ചെയ്തിരിക്കുന്നു. ഈ വർഷം തഹ്രീക്കെ ജദീദിൽ 16.4 മില്യൺ പൗണ്ട് ധനത്യാഗം ചെയ്യാൻ ജമാഅത്തിന് സൗഭാഗ്യം ലഭിച്ചു. അൽഹംദുലില്ലാഹ്. ലോകത്തിന്റെ അതിശീഘ്രം വഷളായിക്കൊണ്ടിരിക്കുന്ന സാമ്പത്തികാവസ്ഥകൾ ആയിരുന്നിട്ടുകൂടി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം 1.1 മില്യൺ അധികമാണ് വരവ്. അതായത് 11 ലക്ഷം പൗണ്ട് അധിമാണ്.

നേരത്തേതുപോലെ ദൈവകൃപയാൽ ജർമനി ജമാഅത്ത് ലോകജമാഅത്തുകളിൽ ഒന്നാം സ്ഥാനത്താകുന്നു. പാക്കിസ്താനും ത്യാഗത്തിന്റെ കാര്യത്തിൽ വലിയ ത്യാഗമാണ് ചെയ്തിട്ടുള്ളത്. പക്ഷേ, അവിടെ സാമ്പത്തിക സ്ഥിതി വളരെ മോശമാണ്. പൈസയുടെ മൂല്യം ഇടിഞ്ഞുപോയിരിക്കുകയാണ്. അതുകൊണ്ട് അവർ താഴോട്ടുപോയി. അതേ സമയം ത്യാഗത്തിന്റെ കാര്യത്തിൽ അവർ മുന്നോട്ടുതന്നെയാണ് ഗമിക്കുന്നത്.

ജർമനി മേലെയാണെങ്കിലും തങ്ങളുടെ കറൻസിയുടെ അടിസ്ഥാനത്തിൽ അവരിൽ ഇടിവു വന്നിട്ടുണ്ട്. ബ്രിട്ടനും അമേരിക്കയും വധന വരുന്നതു തുടർന്നു പോയാൽ ഇവർക്ക് മീതേ വരാവുന്നതാണ്. ഇതേപോലെ കനഡയിലും വർധനയുണ്ട്. ആസ്ത്രേലിയായിലും വർധനയുണ്ട്. ഭാരതത്തിലും വർധനയുണ്ട്. ഘാനയുടെ ചന്ദയിലും വർധനയുണ്ടായിട്ടുണ്ട്.

പ്രവർത്തനങ്ങളുടെ കാര്യത്തിൽ ശ്രദ്ധേയമായ മറ്റു ജമാഅത്തുകൾ ഇവയാണ്. ഹോളണ്ട്, ഫ്രാൻസ്, സ്വൂഡൻ, ജോർജിയ, നോർവെ. ബൽജിയം, ബർമ, മലേഷ്യാ, ന്യൂസ്‌ലാൻഡ്, ബംഗ്ലാദേശ്, കിരിബാറ്റി, ഖസാഖ്സ്താൻ, താതാരിസ്താൻ, ഫിലിപ്പൈൻ, മിഡിൽ ഈസ്റ്റിലെ ജമാഅത്ത്.

ആഫ്രിക്കൻ ജമാഅത്തുകളിൽ പിരിവിന്റെ അടിസ്ഥാനത്തിൽ മികച്ച ജമാഅത്തുകൾ: ഘാന, രണ്ടാം സ്ഥാനത്ത് മൗറീഷ്യസ്. ഇതും ആഫ്രിക്കയിലാണ്. നൈജീരിയ, ബുർക്കിനാ ഫാസോ, ടൻസാനിയ. ഗാംബിയ, ലൈബീരിയ, ഉഗാണ്ട, സിയറലിയോൺ, ബെനിൻ.

ആളോഹരി പിരിവിന്റെ അടിസ്ഥാനത്തിൽ ജമാഅത്തുകൾ. ഒന്നാം സ്ഥാനത്ത് അമേരിക്ക, പിന്നെ ബ്രിട്ടൺ, തുടർന്ന് ആസ്ത്രേലിയ. ഇതിൽ ഭാഗഭാക്കായി വരുന്ന മൊത്തമെണ്ണം അല്ലാഹുവിന്റെ അനുഗ്രഹത്താൽ 15 ലക്ഷത്തി 94 ആയിരമാണ്.

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പ്രകടമായ വർധന വരുത്തിയ ഭാഗഭാക്കാവരുടെ എണ്ണത്തിൽ വർധന ഉണ്ടാക്കിയ ആഫ്രിക്കൻ രാജ്യങ്ങൾ: നൈജീരിയ, ഗിനി-ബിസോ(Guinea-Bissau)കോംഗോ, കോംഗോ ബ്രാസവിൽ, ഗിനി കൊണാക്രി(Guinea Conakry), ടാൻസാനിയാ(Tanzania), കോംഗോ കിൻഷാസ(Congo Kinshasa), ഗാംബിയ, കാമ്റോൺ, ഐവറികോസ്റ്റ്, നൈജർ, സെനിഗൾ, ബുർക്കിനാ ഫാസോ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്രീക്കെ ജദീദിന്റെ ഒന്നാമത്തെ ലഡ്ജറും സജീവമാണ്. ജർമനിയിലെ ആദ്യത്തെ പത്തു ജമാഅത്തുകൾ, Rodermark, Rodgau, മഹ്ദിയാബാദ്, Nidda, Koln, Florsheim, Neuss, Pinneberg, Osnabruck, Friedberg.

തദ്ദേശ ജമാഅത്തുകൾ: Hamburg, Franfurt, Gross-Gerau, Wiesbadan, Dietzenbach, Riedstadt, Morfelden, Florsheim, Darmstadt, Mannheim.

പാക്കിസ്താനിൽ മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്ത് ലാഹോർ, പിന്നെ റബ്വാ, മൂന്നാം സ്ഥാനത്ത് കറാച്ചി.

ജില്ല തലത്തിൽ ആദ്യത്തെ 10 ജില്ലകൾ: ഒന്നാം സ്ഥാനം സിയാൽക്കോട്ട്, തുടർന്ന് ഇസ്‌ലാമാബാദ്, ഗുജറൻവാല, ഗുജ്റാത്ത്, ഉമർക്കോട്ട്, ഹയ്ദ്രാബാദ്, മീർപൂർ ഖാസ്, സർഗോദ, കോഇട്ട, ലോധറാൻ.

ഉമർക്കോട്ട്, മീർപൂർ ഖാസ് തുടങ്ങിയ സ്ഥലങ്ങളിൽ കഴിഞ്ഞ ദിവസങ്ങളിൽ മഴ കാരണം വെള്ളപ്പൊക്കമുണ്ടായിരുന്നു. ഈ സ്ഥലങ്ങളിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ ത്യാദമാണ് കാഴ്ചവെക്കപ്പെട്ടത്.

പിരിവിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ത്യാഗം ചെയ്ത പാക്കിസ്ഥാനിലെ നഗര ജമാഅത്തുകൾ: ഇമാറത്ത് ടൗൺഷിപ്പ് ലാഹോർ, ഇമാറത്ത് ദാറുദ്ദിക്ർ ലാഹോർ, ഇമാറത്ത് മോഡൽ ടൗൺ ലാഹോർ, ഇമാറത്ത് മുഗൽപ്പുര ലാഹോർ, ഇമാറത്ത് അല്ലാമ ഇഖ്ബാൽ ടൗൺ ലാഹോർ, ഇമാറത്ത് ബയ്ത്തുൽ ഫള്ൽ ഫയ്സ്വലാബാദ്, ഇമാറത്ത് അസീസാബാദ് കറാച്ചി, ഇമാറത്ത് ദില്ലിഗയ്റ്റ് ലാഹോർ, ഇമാറത്ത് കരീം നഗർ ഫയ്സ്വലാബാദ്, അവാസന സ്ഥാനത്ത് പത്താം സ്ഥാനത്ത് ഇമാറത്ത് സ്വദ്ർ കറാച്ചി.

ബ്രിട്ടണിലെ ആദ്യത്തെ 5 റീജിയണുകൾ: നമ്പർ ഒന്ന് ബയ്ത്തുൽ ഫുതൂഹ്, രണ്ട് ഇസ്‌ലാമാബാദ്, മൂന്ന് മസ്ജിദ് ഫള്ൽ, പിന്നീട് Midlands, പിന്നീട് ബയ്ത്തുൽ ഇഹ്സാൻ.

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ ആദ്യ 10 വലിയ ജമാഅത്തുകൾ: Farnham, South Cheam. ഇസ്‌ലാമാബാദ്, Worcester Par, Walsall, Gillingham, മസ്ജിദ് ഫള്ൽ, Aldershot South, Putney.

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ചെറിയ ജമാഅത്തുകൾ: സ്പിൻവാലി. കേഥലി, നോർത്ത് വെൽസ്, നോർത്ത്ഹാംടൺ, സവാനസി.

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ അമേരിക്കയിലെ ജമാഅത്തുകൾ: Maryland, Los Angeles, North Virginia, Detroit, Silicon Valley, Chicago, Seattle, Oshosh. South Virginia, Atlanta, Georgia, North Jersi, York.

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ കനഡയിലെ തദ്ദേശ ജമാഅത്തുകൾ: ഒന്നാം സ്ഥാനത്ത് വാൻ, പിന്നീട് പീസ് വില്ലേജ്, പിന്നീട് കാൽഗരി, വാങ്കോവർ, ടൊറോന്റോ.

ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 10 ജമാഅത്തുകൾ: ഒന്ന് കോയമ്പത്തൂർ തമിഴ്നാട്, പിന്നീട് ഖാദിയാൻ, ഹയ്ദ്രാബാദ്, കരുളായ്, പത്തപ്പിരിയം, കാലിക്കട്ട്, ബാംഗ്ലൂർ, മേലേപാ

ശേഷം പേജ് 8 ൽ

**• ഹദീഥുന്നബ്‌വി(സ): •**

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.' (തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)**

**താലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• ഹദീഥുന്നബ്‌വി(സ): •**

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്." (അബൂദാവൂദ്, കിതാബുൽമനാസിക്)**

**താലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

## ഖുത്ബ ജുമുഅ

**ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് ജനങ്ങളിൽ വെച്ച് ഏറ്റവുമധികം അറബികളുടെ വംശാവലിയെ സംബന്ധിച്ച് അറിവുള്ള ആളായിരുന്നു.**

**മക്കക്കാരുടെ വീക്ഷണത്തിൽ ഹദ്റത്ത് അബൂബക്ർ(റ) അവർക്കിടയിൽ ഏറ്റവും നല്ല ആളായിരുന്നു.**

**ഹദ്റത്ത് അബൂബക്ർ(റ)ന് വംശാവലിയെ കുറിച്ച് അറിവുള്ളതുപോലെ തന്നെ അറബികളുടെ കാലത്തെ അതായത് അറബികളുടെ പരസ്പരമുള്ള യുദ്ധചരിത്രത്തെ കുറിച്ചും നല്ലപോലെ അറിവുള്ള ആളായിരുന്നു.**

**അബൂബക്റിന്റെ മേന്മ ആരംഭകാലത്ത് അതിന്റെ മാതൃകകൾ കാണിച്ചിട്ടുണ്ടായിരുന്നു; അവസാന ഘട്ടത്തിലും! അതായത് അബൂബക്റിന്റെ അസ്തിത്വം മജ്മൂഅത്തുൽ ഫിറാസത്തയ്ൻ ആയിരുന്നു.**

**അല്ലാഹു അദ്ദേഹത്തെ തന്റെ ആയത്തുകളുടെ കേന്ദ്രമായ നബി(സ)തിരുമേനിയുടെ സൗഹൃദത്തിനുവേണ്ടി തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ സത്യസന്ധതയും ദൃഢതയുംകൊണ്ട് അദ്ദേഹത്തെ സ്തുതിച്ചു.**

**ഹദ്റത്ത് അബൂബക്ർ നല്ല ഉൾക്കാഴ്ചയുള്ള ആളായിരുന്നു. സ്വപ്ന വ്യാഖ്യാനത്തിന്റെ വിശേഷതയും ധാരാളം അറിയുമായിരുന്നു.**

**എതിരാളികളും ഹദ്റത്ത് അബൂബക്റിന്റെ നന്മയെ കുറിച്ചും ഉന്നത സ്വഭാവത്തെ കുറിച്ചും വിശ്വാസമുള്ളവരായിരുന്നു.**

**ഇബ്നു അബീ ഖുഹാഫ ജനങ്ങളെ നമസ്കരിപ്പിക്കേണ്ടതാണ്.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഖുത്ബ ജുമുഅ 2022 നവംബർ 11/1401 നുബുവ്വത്ത് 11**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ايده الله تعالىٰ بنصره العزيز**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അബൂബക്ർ സിദ്ദീഖ്(റ)നെ സംബന്ധിച്ചുള്ള അനുസ്മരണമാണ് നടന്നു വന്നിരുന്നത്. അദ്ദേഹത്തിന്റെ ചരിത്രത്തെ സംബന്ധിച്ച് കുറച്ച് കാര്യങ്ങൾ വിവരിച്ചിരുന്നു. ഇതേപറ്റിയുള്ള നിവേദനങ്ങളിൽ അദ്ദേഹം വംശാവലിയുടെ അറിവിൽ നിപുണനായിരുന്നുവെന്നും കവിതയിൽ താൽപര്യമുള്ള ആളായിരുന്നുവെന്നും വന്നിട്ടുണ്ട്. എഴുതുന്നു:

"ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് ജനങ്ങളിൽ വെച്ച് ഏറ്റവുമധികം അറബികളുടെ വംശാവലിയെ സംബന്ധിച്ച് അറിവുള്ള ആളായിരുന്നു.

ജുബയ്ർ ബിൻ മുത്അം ഈ വിഷയത്തിൽ, അതായത്, വംശാവലി ഓർമവെക്കുന്ന കാര്യത്തിൽ അതിനിപുണനായിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ വംശാവലി സംബന്ധിച്ചുള്ള അറിവ് ഹദ്റത്ത് അബൂബക്റിൽ നിന്നാണ് പഠിച്ചത്. പ്രത്യേകിച്ചും ഖുറയ്ശികളുടെ വംശാവലിയെ സംബന്ധിച്ച്. കാരണം ഹദ്റത്ത് അബൂബക്ർ(റ) ഖുറയ്ശികളുടെ വംശാവലിയെ കുറിച്ചും ഖുറയ്ശികളിൽ അവരുടെ വംശാവലിയിൽ ഉണ്ടായിരുന്ന നല്ലതും തിയ്യതുമായ കാര്യങ്ങളെ കുറിച്ചും ഏറ്റവും കൂടുതൽ അറിവുള്ള ആളായിരുന്നു. അദ്ദേഹം അവരുടെ തിന്മകളെ കുറിച്ച് ചർച്ച ചെയ്യില്ലായിരുന്നു. ഈ കാരണംകൊണ്ട് തന്നെ അദ്ദേഹം, ഹദ്റത്ത് അഖീൽ ബിൻ അബൂത്വാലിബിനെ അപേക്ഷിച്ച് അവർക്കിടയിൽ അതായത് ഖുറയ്ശികൾക്കിടയിൽ ഏറെ സ്വീകാര്യനായിരുന്നു. ഹദ്റത്ത് അഖീൽ, ഹദ്റത്ത് അബൂബക്ർ(റ)നെ കഴിഞ്ഞാൽ ഖുറയ്ശികളുടെ വംശാവലിയെയും പിതൃപരമ്പകളേയും അവരുടെ നന്മ തിന്മകളേയും സംബന്ധിച്ച് ഏറ്റവുമധികം അറിയുന്ന ആളായിരുന്നു. പക്ഷേ, ഹദ്റത്ത് അഖീലിനെ ഖുറയ്ശികൾ ഇഷ്ടപ്പെട്ടിരുന്നില്ല. കാരണം അദ്ദേഹം ഖുറയ്ശികളുടെ തിന്മകളും എണ്ണുമായിരുന്നു. ഹദ്റത്ത് അഖീൽ മസ്ജിദ് നബവിയിൽ വംശാവലിയെ കുറിച്ചും അറബികളുടെ അവസ്ഥകളെകുറിച്ചുമുള്ള സംഭവങ്ങളുടെ അറിവ് കരസ്ഥമാക്കാൻ ഹദ്റത്ത് അബൂബക്റിന്റെ അടുക്കൽ ഇരിക്കുമായിരുന്നു.

മക്കക്കാരുടെ വീക്ഷണത്തിൽ ഹദ്റത്ത് അബൂബക്ർ(റ) അവർക്കിടയിൽ ഏറ്റവും നല്ല ആളായിരുന്നു. അതുകൊണ്ടു തന്നെ അവർക്ക് എന്തെങ്കിലും പ്രയാസം നേരിട്ടാൽ അദ്ദേഹത്തോടാണ് സഹായം ചോദിച്ചിരുന്നത്. (അസ്സീറത്തുൽഹൽബിയ്യ, വാല്യം 1, പേജ് 390, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

വിവരിക്കപ്പെട്ടിരിക്കുന്നു; ഹദ്റത്ത് അബൂബക്ർ(റ)ന് അറബികളുടെ വംശാവലി പ്രത്യേകിച്ചും ഖുറയ്ശികളുടെ വംശാവലിയെ കുറിച്ച് ഏറ്റവുമധികം അറിവുണ്ടായിരുന്നു. ഖുറയ്ശികളിലെ കവികൾ നബി(സ)തിരുമേനിയെ സംബന്ധിച്ച് മോശമായ കവിതകൾ പറയുമ്പോൾ ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്തിനെയാണ് കവിതകളിലൂടെ അവരെ ഇളിഭ്യരാക്കി മറുപടി കൊടുക്കാൻ ചുമതലപ്പെടുത്തിയിരുന്നത്. ഹദ്റത്ത് ഹസ്സാൻ, നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായപ്പോൾ നബി(സ) തിരുമേനി അദ്ദേഹത്തോട് ചോദിച്ചു: "നിങ്ങൾ എങ്ങനെയാണ് ഖുറയ്ശികളെ അവമതിച്ച് കൊണ്ട് കവിത ചൊല്ലുക. കാരണം ഞാനും ഖുറയ്ശികളിൽ പെട്ടവനാണ്." അപ്പോൾ ഹദ്റത്ത് ഹസ്സാൻ പറഞ്ഞു: 'യാ! റസൂലല്ലാഹ്(സ)! ഞാൻ അങ്ങയെ അവരിൽനിന്ന്, മാവിൽ നിന്ന് മുടി എടുത്ത് മാറ്റുന്നതു പോലെ, അല്ലെങ്കിൽ വെണ്ണയിൽകിടക്കുന്ന മുടി നീക്കുന്നതുപോലെ മാറ്റുന്നതാണ്.' അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ ഹദ്റത്ത് അബൂബക്റിന്റെ അടുക്കൽ പോകുക. അദ്ദേഹത്തോട് ഖുറയ്ശികളുടെ വംശാവലിയെ കുറിച്ച് ചോദിച്ചറിയുക.' ഹദ്റത്ത് ഹസ്സാൻ പറയുന്നു: ഞാൻ കവിത എഴുതുന്നതിനുമുമ്പേ, ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിൽ പോകുമായിരുന്നു, അദ്ദേഹം എനിക്ക് ഖുറയ്ശികളുടെ സ്ത്രീ പുരുഷന്മാരെ സംബന്ധിച്ച് മാർഗ്ഗദർശനം നൽകിയിരുന്നു. അങ്ങനെ ഹദ്റത്ത് ഹസ്സാന്റെ കവിതകൾ മക്കയിലെത്തുമ്പോൾ മക്കക്കാർ ഇങ്ങനെ പറയുമായിരുന്നു; ഈ വരികൾക്ക് പിന്നിൽ അബൂബക്റിന്റെ മാർഗ്ഗദർശനവും അഭിപ്രായങ്ങളുമുണ്ട്.'(സീറത്ത് സയ്യിദുനാ സിദ്ദീഖെ അക്ബർ, ഉസ്താദ് ഉമർ അബുന്നസ്ർ, മുത്തർജിം ഉർദു, പേജ് 817-818)

ഹദ്റത്ത് അബൂബക്ർ(റ)ന് വംശാവലിയെ കുറിച്ച് അറിവുള്ളതുപോലെ തന്നെ അറബികളുടെ കാലത്തെ അതായത് അറബികളുടെ പരസ്പരമുള്ള യുദ്ധചരിത്രത്തെ കുറിച്ചും നല്ലപോലെ അറിവുള്ള ആളായിരുന്നു.

ഹദ്റത്ത് അബൂബക്ർ(റ) ഔദ്യോഗിമായ ഒരു കവി അല്ലായിരുന്നെങ്കിൽ തന്നെയും കവിതയോട് നല്ല താൽപര്യമുള്ള ആളായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)ന്റെ ചരിത്രകാരന്മാർ

അദ്ദേഹം കവിതകൾ എഴുതിയിരുന്നോ ഇല്ലയോ എന്ന കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. ചില ചരിത്രകാരന്മാർ ഇല്ലെന്ന് പറയുന്നു. അദ്ദേഹം കവിത പറഞ്ഞിട്ടുണ്ടാകാമെന്നും പറയുന്നു. ചില ചരിത്രകാരന്മാരാകട്ടെ ഹദ്റത്ത് അബൂബക്ർ(റ)ന്റെ ചില ഈരടികൾ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഹദ്റത്ത് അബൂബക്(റ) റിന്റെ കവിതകൾ അടങ്ങിയ ഇരുപത്തിയഞ്ചു കാവ്യങ്ങൾ സ്വരൂപിച്ചിട്ടുള്ളത് തുർക്കിയിലെ ഗ്രന്ഥാലയങ്ങളിൽ നിന്ന് ലഭ്യമായിട്ടുണ്ട്. അവിടെ അതുണ്ട്. ഹദ്റത്ത് അബൂബക്ർ(റ)ന്റെ കവിതകളാണ് അവയെന്ന് പറയപ്പെടുന്നു. ഈ കവിതകൾ ഹദ്റത്ത് അബൂബക്റി(റ) ന്റേതാണെന്ന് ഇൽഹാമിലൂടെ തനിക്ക് സാക്ഷ്യം നൽകപ്പെട്ടിരിക്കുന്നു എന്നുവരെ ഒരാൾ എഴുതിയിരിക്കുന്നു. ത്വബഖാത് ഇബ്നു സഅ്ദും സീറത്ത് ഇബ്നു ഹിശാമും ഹദ്റത്ത് അബൂബക്ർ(റ) കവിതകൾ രചിച്ചിട്ടുണ്ടായിരുന്നുവെന്ന് പറയുന്നു.

നബി(സ)തിരുമേനിയുടെ വഫാത്ത് വേളയിൽ, തിരുമേനിയെ മറവടക്കിയതിനുശേഷം ഹദ്റത്ത് അബൂബക്ർ(റ) ചില ഈരടികൾ ചൊല്ലുകയുണ്ടായി. അതിന്റെ അർഥം ഇപ്രകാരമായിരുന്നു.

അല്ലയോ നേത്രമേ! ഇരുലോക നേതാവായ നബി(സ)തിരുമേനിയെ സംബന്ധിച്ച് നിനക്ക് കരയാനുള്ള അവകാശത്തെക്കൊണ്ട് സത്യം, നീ കരഞ്ഞുകൊണ്ടിരിക്കുക. ഇനി നിന്റെ അശ്രുക്കൾ ഒരിക്കലും തോരാതിരിക്കട്ടെ. അല്ലയോ നേത്രമേ! ഹിൻദിഫ് അതായത് ഖുറയ്ശ് ഗോത്രത്തിലെ ഏറ്റവും ഉന്നതനായ പുത്രനുവേണ്ടി നീ കരയുക. അദ്ദേഹത്തെ സായം സന്ധ്യയിൽ ഖബ്റിൽ ഒളിപ്പിച്ചു വെച്ചിരിക്കുന്നു. ആകയാൽ രാജാക്കന്മാരുടെ രാജാവും അടിമകളുടെ യജമാനനും ആരാധിക്കുന്നവരുടെ നാഥനുമായ നബി(സ)തിരുമേനിക്കുമേൽ അനുഗ്രഹാശിസുകൾ വർഷിക്കട്ടെ. പ്രിയതമൻ അകന്നു പോയതിനുശേഷം ഇനിയെന്ത് ജീവിതം! പത്ത് ലോകങ്ങൾക്ക് സൗന്ദര്യം നൽകുന്ന അസ്തിത്വത്തിന്റെ വേർപാടിനുശേഷം ഇനിയെന്ത് സൗന്ദര്യം! ഞങ്ങൾ ഈ ജീവിതത്തിൽ ഒന്നിച്ചായിരുന്നു. അഹോ, മരണവും ഞങ്ങളെ ഒന്നിച്ച് പിടികൂടിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഇതാണ് ആ ഈരടികളുടെ തർജമ.

ആ മഹാത്മാവിന്റെ ഉൾക്കാഴ്ചയെ കുറിച്ച് പറയുന്നത് അദ്ദേഹം വളരെ വലിയ ക്രാന്തദർശിയായിരുന്നു എന്നാണ്. ഹദ്റത്ത് അബൂസയീദ് ഖുദ്രി(റ) വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു: "അല്ലാഹു തന്റെ ഒരു ദാസന് ഈ ലോകത്തെയോ അല്ലാഹുവിന്റെ സാമീപ്യത്തെയോ സ്വീകരിക്കുന്നതിന് അധികാരം കൊടുത്തു. അപ്പോൾ അയാൾ അല്ലാഹുവിന്റെ സാമീപ്യമാണ് താൽപര്യപ്പെട്ടത്. ഇത് കേട്ടപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) കരയാൻ തുടങ്ങി. ഞാൻ എന്റെ മനസ്സിൽ പറഞ്ഞു, ഈ വൃദ്ധനെ എന്ത് കാര്യമാണ് കരയിച്ച് കൊണ്ടിരിക്കുന്നത്. അല്ലാഹു തന്റെ ഒരു ദാസന് അധികാരം നൽകിയപ്പോൾ അയാൾ അല്ലാഹുവിന്റെ സാമീപ്യത്തെ തിരഞ്ഞെടുത്തു. ആ ദാസൻ നബി(സ) തിരുമേനി തന്നെയായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) ഞങ്ങളിൽ ഏറ്റവും കൂടുതൽ അറിവുള്ള ആളായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു, 'അബൂബക്ർ! കരയേണ്ട. എല്ലാ ജനങ്ങളിലുംവെച്ച് തന്റെ സൗഹൃദം കൊണ്ടും സമ്പത്തുകൊണ്ടും ഏറ്റവുമധികം എന്നോട് നന്മ കാണിച്ചയാൾ അബൂബക്ർ തന്നെയാണ്. ഞാൻ എന്റെ ഉമ്മത്തിൽ ആരെയെങ്കിലും ഖലീൽ എന്ന സുഹൃത്ത് ആക്കുമായിരുന്നെങ്കിൽ അബൂബക്റിനെ ആക്കുമായിരുന്നു. എന്നാൽ, ഇസ്‌ലാമിന്റെ സാഹോദര്യം സ്നേഹം തന്നെയാകുന്നു. മസ്ജിദിൽ അബൂബക്റിന്റേതല്ലാത്ത എല്ലാ വാതിലുകളും അടക്കേണ്ടതാണ്."(സ്വഹീഹുൽ ബുഖാരി, കിതാബുസ്സലാത്ത് നിവേദനം 466)

ഉൾക്കാഴ്ചയെ സംബന്ധിച്ചുള്ള ഈ ഉദ്ധരണി വീണ്ടും കേൾപ്പിച്ചതാണ്. നേരത്തെയും കേൾപ്പിച്ചിട്ടുണ്ട്. ഈ വാതിലുകളെ കുറിച്ചുള്ള വിശദീകരണം ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയിട്ടുണ്ട് അത് ഞാൻ പിന്നീട് വിവരിക്കാം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു: നബി(സ)തിരുമേനിയുടെ ജീവിതത്തിലെ അവസാന നാളുകളിൽ ഒരു ദിവസം അവിടന്ന് പ്രഭാഷണത്തിന് എഴുന്നേറ്റുനിന്നു. സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: "ജനങ്ങളേ! അല്ലാഹുവിന്റെ ഒരു ദാസനുണ്ട്. അയാളെ സംബോധന ചെയ്തുകൊണ്ട് അയാളുടെ ദൈവം അയാളോടു പറഞ്ഞു. 'അല്ലയോ എന്റെ ദാസാ! നീ ഈ ലോകത്തു തന്നെ കഴിയുന്നതിനോ അല്ലെങ്കിൽ എന്റെ അടുത്തേക്ക് വരുന്നതിനോ ഞാൻ നിനക്ക് അധികാരം നൽകുന്നു.' അപ്പോൾ ആ ദാസൻ ദൈവസാമീപ്യമാണ് ഇഷ്ടപ്പെട്ടത്. നബി(സ)തിരുമേനി ഇതു പറഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) കരയാൻ തുടങ്ങി. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: ഇവിടെ ഹദ്റത്ത് ഉമറിന്റെ പേരിലാണ് ഈ സംഭവം പറയുന്നത്. ഹദ്റത്ത് ഉമർ(റ) പറയുന്നു: എനിക്ക് അദ്ദേഹം കരയുന്നത് കണ്ടപ്പോൾ നല്ലപോലെ ദേഷ്യമുണ്ടായി. നബി(സ)തിരുമേനി ഏതോ ഒരു ദാസന്റെ സംഗതിയാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. അല്ലാഹു അയാൾക്ക് ഈ ലോകത്തുതന്നെ കഴിയുന്നതിനോ അല്ലാഹുവിന്റെ അടുത്തേക്ക് പോകുന്നതിനോ സ്വാതന്ത്ര്യം നൽകി. അയാൾ അല്ലാഹുവിന്റെ സാമീപ്യം ഇഷ്ടപ്പെട്ടു. പക്ഷേ, ഈ വൃദ്ധൻ എന്തിനാണ് കരയുന്നത്? പക്ഷേ, ഹദ്റത്ത് അബൂബക്റിന്റെ തേങ്ങൽ ഒന്നുകൊണ്ടും അടങ്ങുന്നുണ്ടായിരുന്നില്ല. അവസാനം നബി(സ) തിരുമേനി പറഞ്ഞു: 'അബൂബക്റിനോട് എനിക്ക് എത്രമാത്രം സ്നേഹമുണ്ടെന്നാൽ അല്ലാഹുവിനെ കൂടാതെ മറ്റാരെയെങ്കിലും 'ഖലീൽ'(ഉറ്റമിത്രം) എന്ന സുഹൃത്ത് ആക്കാൻ പറ്റുമായിരുന്നുവെങ്കിൽ ഞാൻ അബൂബക്റിനെ 'ഖലീൽ' ആക്കുമായിരുന്നു." ഹദ്റത്ത് ഉമർ(റ) പറയുന്നു: നബി(സ)തിരുമേനി കുറച്ച് ദിവസങ്ങൾക്കുശേഷം വഫാത്തായപ്പോൾ ഹദ്റത്ത് അബൂബക്റിന്റെ കരച്ചിൽ സത്യസന്ധമായിരുന്നുവെന്നും തങ്ങളുടെ കോപം ഭോഷ്കിന്റെ ലക്ഷണമായിരുന്നുവെന്നും ഞങ്ങൾക്ക് മനസ്സിലായി."(ഉസ്വയെഹസ്ന, അൻവാറുൽഉലൂം വാല്യം17, പേജ് 102)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് അബൂബക്റിനു വിശുദ്ധ ഖുർആനിന്റെ ജ്ഞാനം നല്ലപോലെ ഉണ്ടായിരുന്നു. തിരുനബി(സ) *അൽയൗമ അക്മൽത്തുലക്കും ദീനക്കും വ അത്മംതു അലയ്ക്കും നിഅ്മത്തീ*(5:4) എന്ന ആയത്ത് പാരായണം ചെയ്തപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) കരയാൻ തുടങ്ങി. ആരോ പറഞ്ഞു: 'ഈ വൃദ്ധൻ എന്തിനാണ് കരയുന്നത്?' ഹദ്റത്ത് അബൂബക്ർ പറഞ്ഞു. എനിക്ക് ഈ ആയത്തിൽ നബി(സ)തിരുമേനിയുടെ മരണം മണക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പ്രവാചകന്മാർ ഉദ്യോഗസ്ഥരെ പോലെയാണ്. തൊഴിലാളികൾ തങ്ങളുടെ ജോലികൾ പൂർത്തിയാക്കിക്കഴിഞ്ഞാൽ അവിടെനിന്ന് പോകുന്നു. അങ്ങനെ പ്രവാചകന്മാർ ഏതൊരു കർമത്തിന് വേണ്ടിയാണോ ലോകത്ത് വരുന്നത് ആ കർമം ചെയ്തശേഷം അവർ ഈ ലോകത്തോട് വിട പറയുന്നു. *അൽയൗമ അക്മൽത്തുലക്കും ദീനക്കും* എന്ന ശബ്ദം കേട്ടപ്പോൾ അത് അവസാന ശബ്ദമാണെന്ന് ഹദ്റത്ത് അബൂബക്റിന് മനസ്സിലായി. ഇതിൽനിന്ന് വളരെ വ്യക്തമാകുന്ന കാര്യമെന്തെന്നാൽ, ഹദ്റത്ത് അബൂബക്റിന്റെ ഉൾക്കാഴ്ച വളരെ ഉയർന്നതായിരുന്നു. ഹദീഥുകളിൽ മസ്ജിദിലേക്കുള്ള എല്ലാ ജനലുകളും അടക്കണമെന്ന് പറയുന്നു. ഈ ജനാലയെ സംബന്ധിച്ച വിശദീകരണവും ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയിട്ടുണ്ട്. ഈ ജനാലകൾകൊണ്ട് എന്താണുദ്ദേശിക്കുന്നത്? പറയുന്നു: 'ഹദീഥിൽ ഇങ്ങനെ വന്നിരിക്കുന്നു. മസ്ജിദിലേക്കുള്ള എല്ലാ ജനലുകളും അടയ്ക്കുക. എന്നാൽ, അബൂബക്റിന്റെ ജനൽ തുറന്നിരിക്കേണ്ടതാണ്.' ഇതിൽ അടങ്ങിയിരിക്കുന്ന തത്ത്വരഹസ്യം എന്തെന്നാൽ, മസ്ജിദ് ദൈവിക രഹസ്യങ്ങളുടെ പ്രതീകമാകുന്നു. അതുകൊണ്ടുതന്നെ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ അടുക്കലേക്കുള്ള ഈ വാതിൽ അടക്കപ്പെടുന്നതല്ല.

അല്ലാഹുവിന്റെ മറച്ചുവെക്കൽ, രഹസ്യം പറയുന്നതിലുള്ള അഗാധത, അല്ലാഹു പറയുന്നതിലുള്ള യുക്തി അതെല്ലാം എപ്പോഴും ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)നുമേൽ തുറന്നുകൊണ്ടിരിക്കുന്നതാണ്. അതായത് പിന്നീടും വെളിപ്പെട്ടുകൊണ്ടേയിരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'പ്രവാചകന്മാർ ആലങ്കാരിക ഭാഷയാണ് ഉപയോഗിക്കുന്നത്. ആരെങ്കിലും ഭൗതിക മുല്ലാക്കളെപോലെ പ്രത്യക്ഷത്തിൽത്തന്നെ അതെടുക്കുകയാണെങ്കിൽ അയാൾ മഹാ അബദ്ധത്തിലാകുന്നു. ഉദാഹരണമായി, ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ മകനോടു ഉമ്മറപ്പടി മാറ്റിവെക്കാൻ പറഞ്ഞതും നബി(സ)തിരുമേനി സ്വർണ്ണ വളകൾ കണ്ടതും പ്രത്യക്ഷരം ആയിരുന്നില്ല. മറിച്ച് ആലങ്കാരികമായിരുന്നു. അതിനുള്ളിൽ മറ്റൊരു യാഥാർഥ്യമുണ്ടായിരിന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: യാഥാർഥ്യമെന്തെന്നാൽ ഹദ്റത്ത് അബൂബക്റിന് ഏറ്റവുമധികം ഖുർആനിക ജ്ഞാനം നൽകപ്പെട്ടിരുന്നു. അതുകൊണ്ടാണ് ഹദ്റത്ത് അബൂബക്ർ(റ) ഈ നിലയ്ക്ക് അത് സ്ഥിരീകരിച്ചത്." അദ്ദേഹം പറയുന്നു: "എന്റെ വീക്ഷണത്തിൽ ഈ അർഥം ബാഹ്യമായി വൈരുധ്യമാണെങ്കിലും തഖ്‌വായും സൂക്ഷ്മതയും ആവശ്യപ്പെടുന്നത് അബൂബക്ർ പറഞ്ഞതുതന്നെ ജനങ്ങളും അംഗീകരിക്കണമെന്നാണ്. ഇവിടെ ഒരു വാക്കുപോലും വിശുദ്ധ ഖുർആനിൽ ഹദ്റത്ത് അബൂബക്റിന്റെ വിവക്ഷിതത്തിന് വൈരുധ്യമായിട്ടില്ല." അദ്ദേഹം പറയുന്നു: "മൗലവിമാരോട് ചോദിക്കുക. അബൂബക്ർ(റ) ബുദ്ധിമാനായിരുന്നില്ലേ? സിദ്ദീഖ് എന്ന് വിളിക്കപ്പെട്ടതും അബൂബക്ർ തന്നെയല്ലേ? ഏറ്റവുമാദ്യം റസൂലുല്ലായുടെ ഖലീഫ ആയതും അദ്ദേഹം തന്നെയല്ലേ? ഭയാനകമായ മതനിരാസത്തിന്റെ വ്യാധിയെ തടഞ്ഞു നിറുത്തിക്കൊണ്ട് ഇസ്‌ലാമിന് വലിയ സേവനം ചെയ്തതും ആ മഹാത്മാവ് തന്നെയല്ലേ? അതെ, മറ്റു കാര്യങ്ങളെല്ലാം ഒഴിവാക്കുക. ഇത്രമാത്രം നിങ്ങൾ പറയൂ, ഹദ്റത്ത് അബൂബക്റിന്

മിമ്പറിൽ കയറേണ്ട ആവശ്യമെന്തായിരുന്നു? പിന്നെ തഖ്‌വായോടുകൂടി നിങ്ങൾ പറയുക: *മാ മുഹമ്മദുൻ ഇല്ലാ റസലൂൻ ഖദ്ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ*(3:145)എന്ന് ഓതിക്കൊണ്ട് അദ്ദേഹം ന്യായപൂർത്തിവരിക്കുകയല്ലേ ചെയ്തത്. അതല്ല, ഒരു കുട്ടിപോലും പറയുന്നതുപോലെ ഈസാ മരിച്ചു എന്ന് മനസ്സിലാക്കുന്നവൻ കാഫിറാണെന്ന ബാലിശമായ വാദമായിരുന്നോ ഉണ്ടായിരുന്നത്? (മൽഫൂദാത്ത് വാള്യം 1,പേജ് 441-442, 1984 പതിപ്പ്) അതായത് ഈ ആയത്ത് മുഴുവൻ ചൊല്ലിയതുതന്നെ വളരെ വ്യക്തമായ ശക്തിമത്തായ തെളിവുകൾ സമർപ്പിക്കാൻ വേണ്ടിയായിരുന്നോ അതല്ല ദുർബലമായ ഒരു കാര്യം പറയാൻ വേണ്ടിയായിരുന്നോ.

മറ്റൊരു സന്ദർഭത്തിൽ ഇതേ കാര്യത്തെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗ ഊദ്(അ) പറയുന്നു:

*“അൽയൗമ അക്മൽത്തു ലക്കും ദീനക്കും* എന്ന ആയത്തിന് രണ്ടു വശങ്ങളുണ്ട്. ഒന്ന് നിങ്ങൾക്ക് പരിശുദ്ധി ഉണ്ടാക്കിയിരിക്കുന്നു. രണ്ട്, ഗ്രന്ഥം പൂർണമായിരിക്കുന്നു. പറയുന്നു: ഈ ആയത്ത് അവതരിച്ചപ്പോൾ അബൂബക്ർ കരയാൻ തുടങ്ങി. ആരോ ചോദിച്ചു. ഈ വൃദ്ധൻ എന്തിനാണ് കരയുന്നത്? അദ്ദേഹം മറുപടി പറഞ്ഞു. ഈ ആയത്തിൽ നബി(സ) തിരുമേനിയുടെ മരണം മണക്കുന്നുണ്ട്. കാരണം കർത്തവ്യങ്ങൾ പൂർണമായി കഴിയുന്നതുതന്നെ, മരണത്തെ കുറിച്ചുള്ള തെളിവാണ് എന്നത് ഒരു അംഗീകൃത യാഥാർഥ്യമാകുന്നു. ഭൗതിക ലോകത്തുള്ള ഏർപ്പാടുകൾ പൂർണമാകുമ്പോൾ അവിടെയുള്ള ജോലിക്കാർ പിരിഞ്ഞു പോകുന്നു. നബി(സ)തിരുമേനി അബൂബക്റിന്റെ ഈ കഥ അറിഞ്ഞപ്പോൾ പറഞ്ഞു: ഏറ്റവുമധികം ബുദ്ധിമാൻ അബൂബക്ർ തന്നെയാണ്.' തുടർന്ന് പറഞ്ഞു. ഈ ലോകത്ത് ആരെയെങ്കിലും ഉറ്റമിത്രമാക്കാൻ(ഖലീൽ) കഴിയുമായിരുന്നുവെങ്കിൽ ഞാൻ അബൂബക്റിനെ അങ്ങനെ ആക്കുമായിരുന്നു.” പറയുന്നു: “അബൂബക്റിന്റെ ജനാല മസ്ജിദിലേക്ക് തുറന്നിരിക്കുന്നതാണ്. മറ്റുള്ളവയെല്ലാം അടക്കേണ്ടതാണ്. ഇത് തമ്മിലുള്ള ബന്ധമെന്താണെന്നും സുഹൃത്താകുന്നതും ജനാല തുറന്നിരിക്കുന്നതും തമ്മിൽ എന്ത് ബന്ധമാണുള്ളതെന്നും ആരെങ്കിലും ചോദിക്കുകയാണെങ്കിൽ അതിന്റെ വിവക്ഷിതം ഇപ്രകാരമാകുന്നു.” പറയുന്നു: “ഓർക്കുക! മസ്ജിദ് ദൈവഭവനമാകുന്നു. എല്ലാ ആധ്യാത്മിക ജ്ഞാനങ്ങളുടെയും ഉറവിടമാണത്. അതുകൊണ്ട് പറയുന്നു. ഹദ്റത്ത് അബൂബക്റിന്റെ അകത്താരിലുള്ള ജനാല ഈ വശത്തേക്കാണുള്ളത്. അതുകൊണ്ട് ഈ ജനലും തുറന്നിരിക്കേണ്ടതാണ്. മറ്റു സ്വഹാബാക്കൾ ഇതിൽ നിന്ന് ഒഴിഞ്ഞവരായിരുന്നു എന്നല്ല ഉദ്ദേശിക്കുന്നത്. അവർക്കിടയിലും വലിയ വലിയ ക്രാന്തദർശികൾ ഉണ്ടായിരുന്നു. എന്നാൽ, അവരിൽ ഏറ്റവും അധികം ഉൾക്കാഴ്ച ഉണ്ടായിരുന്നത് ഹദ്റത്ത് അബൂബക്റിനായിരുന്നു. അബൂബക്റിന്റെ മേന്മ ആരംഭകാലത്ത് അതിന്റെ മാതൃകകൾ കാണിച്ചിട്ടുണ്ടായിരുന്നു; അവസാന ഘട്ടത്തിലും! അതായത് അബൂബക്റിന്റെ അസ്തിത്വം മജ്മൂഅത്തുൽ ഫിറാസത്തയ്ൻ ആയിരുന്നു.”(മൽഫൂദാത്ത് വാള്യം 8,പേജ് 399-400, 1984 പതിപ്പ്)

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) അനുഭവജ്ഞാനവും ഉൾക്കാഴ്ചയുമുള്ള ആളുകളിൽപ്പെടുന്നു. അദ്ദേഹം നിരവധി സങ്കീർ

ശേഷം പേജ് 10 ൽ

പേജ് 5 ൽ നിന്ന്

ളയം, കൊൽക്കത്ത, കേരംഗ്.

ധനത്യാഗ രംഗത്ത് ആദ്യസ്ഥാനത്തു വന്ന ഇന്ത്യയിലെ 10 സംസ്ഥാനങ്ങൾ: കേരള, തമിഴ്നാടു, കർണാടക, ജമ്മുകശ്മീർ, തെലുങ്കാന, ഒഡീശ, പഞ്ചാബ്, ബംഗാൾ, ദില്ലി, മഹാരാഷ്ട്ര.

ആസ്ത്രേലിയായിലെ 10 ജമാഅത്തുകൾ: Casle Hill, Melboune Lang Warrin, Melboune Berwick, Marsden Park, Penrith, s]ÀYv, Parramatta, Adelaide West, ACT Canberra, പേഴ്‌സബൻ ലോഗൺ ഈസ്റ്റ്.

ഇതൊക്കെയാണ് സ്ഥാനങ്ങൾ. അല്ലാഹു ധനത്യാഗം ചെയ്യുന്നവരുടെ സമ്പത്തിലും സന്തതികളിലും അനിതരസാധാരണമായ അനുഗ്രഹം ചൊരിയുമാറാകട്ടെ.

യു.കെ ജമാഅത്ത്, യു.കെ ജമാഅത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് ഒരു പുതിയ വെബ്സൈറ്റ് തുടങ്ങിയിരിക്കുന്നു. ഈ ചരിത്രക്രോഡീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനം വർഷങ്ങളായി നടന്നു വരുന്നതാണ്. അതാണിപ്പോൾ വെബ്സൈറ്റാക്കിയിരിക്കുന്നത്. ഇതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പാശ്ചാത്യനാടുകളിൽ സന്മാർഗ പ്രചാരണ പൂർത്തീകരണം വരുത്തിയ കാര്യങ്ങളെ കുറിച്ച് ഗവേഷണപരമായ പ്രബന്ധങ്ങൾ പ്രസിദ്ധീരിച്ചിട്ടുണ്ട്.

യു.കെ ജമാഅത്തിന്റെ ചരിത്രം 1913-മുതലാണെന്ന് കണക്കാക്കുന്നു. അന്നാണ് ചൗദരീ ഫത്ഹ് മുഹമ്മദു സാഹിബ് ഇവിടെ വരുന്നത്. അതേ സമയം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം യു.കെ.യിലും യൂറോപ്യൻ രാജ്യങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുജദ്ദിദിയ്യത്തിന്റെ വാദത്തോടുകൂടി എത്തിക്കഴിഞ്ഞിട്ടുണ്ടായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്യായപൂർത്തീകരണം എന്ന നിലയ്ക്ക് ഒരു കത്തും വിളംബരവും ഇംഗ്ലീഷിൽ തയ്യാറാക്കി 8000 കോപ്പി അച്ചടിച്ച് ഇന്ത്യയിലും ബ്രിട്ടണിലുമുള്ള പ്രസിദ്ധരും ആദരണീയരുമായ പാതിരിമാർക്കും വിവിധ സൊസൈറ്റികളുടേയും മതങ്ങളുടേയും നേതാക്കന്മാർക്കും അക്കാലഘട്ടത്തിൽ സാധ്യമാകുന്നത്രയും അയച്ചിരുന്നു. ഇതിന്റെ ഒരു ഉദാഹരണം പറയാം. യു.കെ.യിൽ Charles Bradlaugh ന്റെ പേരിൽ നിരീശ്വരവാദിയായ ഒരു പൊളിറ്റീഷൻ, അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ക്ഷണം 1885-ൽ കിട്ടിയിരുന്നു. അതിനെ കുറിച്ച് ഇവിടുത്തെ ഒരു പത്രമായ Cork Constitution 1885 ജൂൺ 8 ന് പ്രസിദ്ധീകരിച്ചിരുന്നു. ഇപ്രകാരംതന്നെ തിയോസഫിസിറ്റ്(Thesophist)സൊസൈറ്റിയുടെ ഒരു സ്ഥാപകൻ Henry Steel Olcott നും ഈ ക്ഷണം 1886-ൽ കിട്ടിയിരുന്നു. ഇതിനെ കുറിച്ച് അദ്ദേഹം തന്റെ പത്രമായ തിയോസഫിസിറ്റ്(Thesophist)ലും 1886 സെപ്റ്റംബർ ലക്കത്തിലും ചേർത്തിരുന്നു.

ഈ വെബ്സൈറ്റിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ കാലഘട്ടത്തിന്റെ ഒരു ടൈംലൈൻ തയ്യാറാക്കിയിട്ടുണ്ട്. അതിൽ പാശ്ചാത്യലോകത്ത് സത്യസന്ദേശത്തിലധിഷ്ഠിതമായ വസ്തുക്കൾ വിവരിക്കപ്പെട്ടിരിക്കുന്നു. ഇതുപോലെ pioneer മിഷണറീസ് എന്ന പേരിൽ മറ്റൊരു ടൈം ലൈനും തയ്യറാക്കപ്പെട്ടിരിക്കുന്നു. ഇതിൽ ആദ്യകാല മുബല്ലിഗുമാർ- അവരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരും പെടുന്നു, അവരെ പരിചയപ്പെടുത്തുകയും യു.കെയിലെ അവരുടെ സേവനങ്ങളും വിവരിച്ചിരിക്കുന്നു. കൂടാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ) പാതിരി Pigott മായി ബന്ധപ്പെട്ട പ്രവചനത്തിന്റെ വിശദമായ ഗവേഷണം തെളിവുകൾ സഹിതം പ്രതിദ്ധീരിച്ചിട്ടുണ്ട്. മാത്രമല്ല, ചരിത്രപരമായ ഗവേഷണ പ്രബന്ധങ്ങളും നൽകിയിട്ടുണ്ട്. പുതിയ തലമുറയ്ക്ക് തങ്ങളുടെ കഴിഞ്ഞ തലമുറ എന്തിനുവേണ്ടിയാണ് ഇവിടെ വന്നതെന്ന് മനസ്സിലാകുന്നതാണ്. ഈ വെബ്സൈറ്റിന്റെ അഡ്രസ്സ് ഇപ്രകാരമാണ്. history.ahmadiyya.uk ഇതു ഇന്നുമുതൽ ആരംഭിക്കുന്നതാണ്. പക്ഷേ ഔദ്യോഗിമായി ഔപചാരികമായ ഉദ്ഘാടനവും ഇന്ന് ഇവർ നടത്തിക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു ഇതു നമുക്കും മറ്റുള്ളവർക്കും പ്രയോജനപ്രദമാക്കുമാറാകട്ടെ.

പേജ് 1 ൽ നിന്ന്

കൾവരെ തരാൻ തയ്യാറാണ്. പക്ഷേ, നാം അതെടുക്കാനും ശ്രമിക്കുക. അതിനാൽ ഓർമിക്കുക, ഇതു സാത്താനികമായ ദുർബോധനവും ചതിയുമാണ്. അത് ദുആ സ്വീകരിച്ചില്ല എന്ന വസ്ത്രത്തിൽ നല്കുകയാണ്. അത് ദുആ സ്വീകാര്യതയുടെ മര്യാദകളിൽനിന്നും കാര്യഹേതുക്കളിൽനിന്നും ശൂന്യമാണെന്നതാണ് യാഥാർഥ്യം. പിന്നെ ആകാശത്തിന്റെ കവാടങ്ങൾ അവനുവേണ്ടി തുറക്കുകയില്ല. കേട്ടുകൊള്ളുവിൻ! വിശുദ്ധ ഖുർആൻ എന്താണ് പറഞ്ഞത്. *ഇന്നമാ യത്തഖബ്ബലല്ലാഹു മിനൽ മുത്തഖീൻ*(5:28)അല്ലാഹു മുത്തഖീങ്ങളുടെ ദുആകൾ സ്വീകരിക്കുന്നു. മുത്തഖിയല്ലാത്തവർ ആരാണോ അവരുടെ ദുആകൾ സ്വീകാര്യതയുടെ വസ്ത്രമില്ലാത്തതാണ്. അതേ! അല്ലാഹുവിന്റെ പരിപാലനത്വവും കാരുണികതയും അവരെ വളർത്തുന്നതിൽ അതാതിന്റെ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു.(മൽഫൂദാത്ത് വാല്യം 1, പേജ് 377, പ്രസാധനം ഖാദിയാൻ 2018)

പേജ് 1 ൽ നിന്ന്


ചിന്തിച്ചെടുക്കാത്ത ഒരു വ്യവസ്ഥിതി നല്കിയിരിക്കുന്നുവെന്നും മനസ്സിലാക്കാനുമാണ്. ഇതുപോലെതന്നെ തേനീച്ചയുടെ വ്യവസ്ഥിതി നിസാരമായ ചിന്തകൊണ്ട് കാണാൻ കഴിയുന്നതിലാണ് ഈ ഉദാഹരണം അല്ലാഹു തിരഞ്ഞെടുത്തത്. അതിൽനിന്നുണ്ടാകുന്ന ഭക്ഷണത്തെ മനുഷ്യൻ ഏറ്റവും നല്ലതായി മനസ്സിലാക്കുന്നതുകൊണ്ടും! അതിൽ കാണുന്ന ഈ വ്യവസ്ഥിതി വിളിച്ചോതുന്നത് അതിൽ ബുദ്ധിയുണ്ടെന്നാണ്. എന്നാൽ, അതിന്റെ ഒരേയൊരു അവസ്ഥയിലുള്ള ഇരിപ്പും അഭിവൃദ്ധി ഷെടാതിരിക്കലും വിളിച്ചോതുന്നത് അതിന് ആ വ്യവസ്ഥിതി മറ്റൊരു അസ്തിത്വമാണ് നല്കിയതെന്നും വെളിയിൽനിന്നു വന്നതാണെന്നും അത് സ്വയം ആ വ്യവസ്ഥിതി തയ്യാറാക്കിയതല്ലെന്നുമാണ്.

ഈ ആയത്തിൽ ഈ ഭാഗത്തേക്കും ശ്രദ്ധക്ഷണിച്ചിരിക്കുന്നു. തേനീച്ച അതായത് തേനീച്ചകളും വിവിധതരത്തിലുണ്ട്. ചിലത് മലകളിലും ചിലത് മൈതാനങ്ങളിലെ വൃക്ഷങ്ങളിലും ചിലത് വീടുകളിലോ മുന്തിരിവള്ളികൾക്കുവേണ്ടി കെട്ടിയുണ്ടാക്കുന്ന പന്തലുകളിലോ കൂടുകെട്ടുന്നു. ഇതു സൂചിപ്പിക്കുന്നത് മനുഷ്യരിൽനിന്നു വഹ്‌യുണ്ടാകുന്നവരും ഒരേ തരത്തിലുള്ളവരല്ലെന്നാണ്. ചിലരുടെ സ്ഥാനം മലയുടേതാകുന്നു. ചിലരുടേത് മരങ്ങളിലേതും ചിലരുടേത് മച്ചുകളുടേതും ചിലരുടേത് പന്തലുകളുടേതുമായിരിക്കും. അതായത് ചിലർ ഉന്നതസ്ഥാനത്തുള്ളവരായിരിക്കും, ചിലരുടേത് അതിനു താഴെയുള്ളവരുടേതായിരിക്കും, ചിലരുടേത് അതിലും താഴെയുള്ളവരുടേതായിരിക്കും. ഇതിൽ തിൽക്കർറുസുലു ഫള്ളൽനാ ബഅ്ളഹും അലാ ബഅ്ളിൻ(ആ ദൈവദൂതന്മാരിൽ ചിലരെ മറ്റു ചിലരെക്കാൾ നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു- 2:254)എന്നതിൽ വിവരിക്കപ്പെട്ട വിഷയത്തിലേക്കുള്ള സൂചനയാണുള്ളത്) (തഫ്‌സീർ കബീർ, വാള്യം 4, പേജ് 194, പ്രസാധനം ഖാദിയാൻ 2010)

**കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച**
**ഖുത്ബ ജുമുഅ 2022 ഒക്ടോബർ 28**

അതിഥികളെ വളരെ നല്ല നിലയിൽ സ്വീകരിക്കുകയും അവർക്ക് നല്ല ആതിഥ്യമര്യാദ നൽകുകയും ചെയ്തിരുന്നു. മർഹൂമ മൂസിയായിരുന്നു. അവരുടെ മകൻ ശെയ്ഖ് നാസിർ വഹീദ് സാഹിബ് ഖാദിയാനിലെ നൂർ ഹോസ്പിറ്റലിൽ ആക്ടിംഗ് അഡ്മിനിസ്ട്രേറ്ററായി സേവനമനുഷ്ടിക്കുന്നു. അവരുടെ മൂന്ന് പെൺകുട്ടികൾ എല്ലാവരും പുറത്താണ്. അല്ലാഹുതആല മർഹൂമയിൽ കരുണ ചൊരിയുമാറാകട്ടെ, മഗ്ഫിറത്ത് നൽകുമാറാകട്ടെ

അടുത്ത അനുസ്മരണം മേലെ അനീസ എപ്പിസായി സാഹിബ (കീർയബാസ്)യുടേതാണ്. ഇവരുടെ ജീവിതത്തിന്റെ അവസ്ഥയും വളരെ കൗതുകകരമാണ്. അതുപോലെ അഹ്മദിയത്ത് സ്വീകരിച്ച സംഭവവും കൗതുകമുളവാക്കുന്നതാണ്. വലിയ സാത്വികയും ആത്മാർഥതയുമുള്ള സ്ത്രീയായിരുന്നു. അവർ കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 73 വയസ്സായിരുന്നു. ഖാജാ ഫഹ്ദ് സാഹിബ് മുറബ്ബി കീർയബാസ് പറയുന്നു: മേലെ അനീസ എപ്പിസായി സാഹിബ (കീർയബാസ്), കീർയബാസ് ജമാഅത്തിലെ ആദ്യത്തെ മുസ്‌ലിമും ആദ്യത്തെ അഹ്മദിയുമായിരുന്നു. ഏതോ രീതിയിൽ വിശുദ്ധ ഖുർആനിന്റെ ഒരു പ്രതി അവർക്ക് ലോകത്തിന്റെ ആ കോണിലും കിട്ടുകയുണ്ടായി, മറ്റു പുസ്തകങ്ങളും ഇവിടെ കാണുന്നത് വളരെ പ്രയാസകരമായിരുന്നു. ഇവർക്ക് വിശുദ്ധ ഖുർആനിന്റെ കോപ്പി കിട്ടിയപ്പോൾ സ്വയം പഠിക്കാൻ തുടങ്ങി. തർജമയുമുണ്ടായിരുന്നു. അത് പഠിച്ചതിനുശേഷം മേലെ അനീസ എപ്പിസായി സാഹിബയിൽ വിശുദ്ധ ഖുർആൻ എത്രത്തോളം പ്രഭാവം ചെലുത്തിയെന്നാൽ അവർ ഹൃദയാത്മനാ വിശ്വാസം സ്വീകരിച്ചിരുന്നു. അതോടൊപ്പംതന്നെ പർദ ധരിക്കാനും തുടങ്ങിയിരുന്നു. ആദ്യത്തെ അഹ്മദിയ്യാ മുബല്ലിഗ് ഹാഫിള് ജിബ്‌രീൽ സയ്യിദ് സാഹിബ് മർഹൂം എത്തിയപ്പോൾ അദ്ദേഹം ജനങ്ങളോട് ചോദിച്ചു, ഇവിടെ ഈ രാജ്യത്ത് ആരെങ്കിലും മുസ്‌ലിമായിട്ടുണ്ടോ? അപ്പോൾ മേലെ അനീസ എപ്പിസായി സാഹിബയെ അദ്ദേഹത്തിന് കാണിച്ചു കൊടുത്തു. ഇവിടെ കേവലം ഒരാൾ മാത്രമേ ഉള്ളൂ. ഈ രാജ്യത്ത് ഒരേയൊരു മുസ്‌ലിമാണുള്ളത്, അല്ലാഹുവിന്റെ അനുഗ്രഹം നോക്കുക, മേലെ അനീസ എപിസായി സാഹിബ ഹൃദയത്തിൽ ഇസ്‌ലാം സ്വീകരിച്ചിരുന്ന അതേ വർഷത്തിൽത്തന്നെ അവിടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ നിർദ്ദേശ പ്രകാരം മുബല്ലിഗും എത്തിച്ചേർന്നു. ധൈര്യശാലിയായ ഈ യുവതി ആ സമയത്ത് തന്റെ കുടുംബത്തിലും തന്റെ കൂട്ടുകാർക്കിടയിലും ഇസ്‌ലാമിന്റെ തബ്‌ലീഗ് ആരംഭിച്ചിരുന്നു. മുബല്ലിഗ് അവിടെ എത്തുന്നതിനു മുമ്പേതന്നെ ഒരു ലക്ഷത്തോളം ജനസംഖ്യയുള്ള ഈ ചെറിയ രാജ്യത്ത് അവരെപറ്റി ഒരു സ്ത്രീ മുസ്‌ലിം ആയിരിക്കുന്നുവെന്ന് വളരെ പ്രസിദ്ധമായി കഴിഞ്ഞിരുന്നു. അതുകൊണ്ട് മുബല്ലിഗ് ഹാഫിള് ജിബ്‌രീൽ സയ്യിദ് മർഹൂം കീർയബാസ് എന്ന രാജ്യത്ത് എത്തിയപ്പോൾ ആദ്യമേതന്നെ അല്ലാഹുതആല അദ്ദേഹത്തിന് ജമാഅത്തിനുവേണ്ടി തയ്യാറാക്കിയ ഒരു സുൽത്വാനെ നസ്വീറിനെ അവരിലൂടെ നൽകുകയുണ്ടായി. ഒരൊറ്റ മുസ്‌ലിമായതുകൊണ്ടും പർദ ധരിച്ചിരുന്നതുകൊണ്ടും തബ്‌ലീഗ് ചെയ്തിരുന്നതിനാലും അവർ അവിടെ പ്രസിദ്ധയായി കഴിഞ്ഞിരുന്നു. ആദ്യത്തെ മുബല്ലിഗ് സാഹിബ് എത്തിയപ്പോൾ ബയ്അത്ത് ചെയ്ത് അവർ ജമാഅത്തിൽ ചേരുകയുണ്ടായി. അവർ മുബല്ലിഗിന് താമസിക്കാനുള്ള ഏർപ്പാട് ചെയ്തു, എല്ലാ ഏർപ്പാടുകളും ചെയ്തു കൊടുത്തു, പിന്നെ തബ്‌ലീഗ് പ്രവർത്തനത്തിൽ വ്യാപൃതയായി. നിരവധി ആളുകൾ അവരുടെ തബ്‌ലീഗ് ഫലമായി ജമാഅത്തിൽ ചേരുകയുണ്ടായി, അവർക്ക് ജമാഅത്തിനോട് അതിരറ്റ സ്നേഹമായിരുന്നു. മുറബ്ബിമാരെ നല്ലവണ്ണം ആദരിച്ചിരുന്നു. ജനങ്ങളുടെ കഠിനമായ എതിർപ്പുണ്ടായിരുന്നിട്ടും വിശ്വാസത്തിൽ ഒരു കുറവും വന്നില്ല, പോകുന്ന സ്ഥലങ്ങളിലെല്ലാം പർദ ധരിച്ചിരുന്നു. അവരുടെ മുസ്‌ലിം വസ്ത്രധാരണവും തബ്‌ലീഗിന് ഒരു കാരണമായി. ജനങ്ങൾ അവരെ പരിഹസിക്കുകയും ചിലപ്പോൾ അസഭ്യം പറയുകയും തർക്കിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്തിരുന്നുവെങ്കിലും അവർ ഒരിക്കലും തന്റെ ഈമാനോ പർദയോ ഒഴിവാക്കിയില്ല. ഒരു സൽമാതൃക സ്ഥാപിച്ചിരുന്നു, പർദ അല്ലാഹുവിനുവേണ്ടിയാകുമ്പോൾ പിന്നെ ജനങ്ങളെന്തു പറയുന്നുവെന്ന് താൻ എന്തിന് ഗൗനിക്കണം എന്നതായിരുന്നു അവരുടെ നിലപാട്. ആദ്യമാദ്യം അവർ തന്റെ ഹൃദയത്തിൽ ഇസ്‌ലാം സ്വീകരിച്ചിരുന്നപ്പോൾ നമസ്കരിക്കാൻ അറിയുമായിരുന്നില്ല. അവർ സുജൂദ് ചെയ്യാതെ സ്വന്തമായി ആരാധന നടത്തിയിരുന്നു. അവരുടെ പിതാവ് ആ പുതിയ രീതിയിലുള്ള ആരാധന കണ്ടപ്പോൾ വളരെയധികം കോപാകുലനായി. കോപം പ്രകടിപ്പിച്ചുകൊണ്ട് വിശുദ്ധ ഖുർആനിന്റെ പേജുകൾ കീറിക്കളയുമെന്ന് ഭീഷണി മുഴക്കി. ആ ഘട്ടത്തിൽ അവർ തന്റെ പിതാവിനോടു മറുപടിയായി പറഞ്ഞു: എന്നാൽ, പിന്നെ ഹദ്റത്ത് ഈസാ(അ) അല്ലാഹുവിന്റെ മുന്നിൽ സുജൂദ് ചെയ്യുന്ന പരാമർശമുള്ള ബൈബിളിലെ പേജുകളും കീറേണ്ടതായിവരും. അവർ തന്റെ വിശ്വാസത്തിൽ വളരെയധികം ധൈര്യത്തോടുകൂടി നിലനിന്നു. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുബല്ലിഗ് വന്നതുകാരണം അവർ നമസ്കാരം പഠിക്കുകയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്തു. ലോകത്തിന്റെ ഒരു മൂലയിലുള്ള ഈ സ്ഥലത്ത് എല്ലാ ജനങ്ങളും ഇസ്‌ലാമിനെ മോശമായ ദൃഷ്ടിയോടെയാണ് നോക്കിയിരുന്നത്. ആ സമയത്ത് ഈ മുജാഹിദ (പോരാളി) സധൈര്യം എല്ലാവരേയും നേരിടുകയും ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ നിർഭയം ജനങ്ങൾക്കു മുന്നിൽ സമർപ്പിക്കുകയും ചെയ്തു പോന്നു. അല്ലാഹുവിനെ അല്ലാതെ അവർ ആരെയും ഭയപ്പെട്ടില്ല. ഈ നന്മ കാരണത്താൽ നിരവധി സാധാരണക്കാരിലും രാഷ്ട്രീയക്കാരിലും അവരോട് ആദരയുക്തമായ ഭയമുണ്ടായിരുന്നു. അങ്ങനെ അല്ലാഹു എത്രമാത്രം അനുഗ്രഹിച്ചുവെന്നാൽ അവരുടെ ഈ പ്രഭാവവും വിശ്വാസ ദാർഢ്യവും കാരണത്താൽ രാഷ്ട്രീയക്കാരിൽ ഒരു പ്രത്യേക സ്വാധീനം ഉണ്ടാവുകയും ജമാഅത്തിന്റെ രജിസ്ട്രേഷനുവേണ്ടി അവരുടെ സഹായം ലഭിക്കുകയുമുണ്ടായി. അതിനുമുമ്പേ എതിർപ്പു കാരണത്താൽ അംഗീകാരം കിട്ടിയിരുന്നില്ല. അവരെ അറിയുന്നവർ ആർക്കുംതന്നെ അവരുടെ സാന്നിധ്യത്തിൽ, അവരോടുള്ള ഭയം നിമിത്തം ഇസ്‌ലാമിനെതിരെ ഒന്നും പറയാൻ കഴിഞ്ഞിരുന്നില്ല. വളരെ നീണ്ടകാലം തന്റെ വീട് നമസ്കാരസെന്ററായി ഉപയോഗിച്ചിരുന്നു. അവരുടെ മകൻ, അഹ്മദ് എപ്പിസായി യുവത്വത്തിൽ പ്രവേശിച്ചപ്പോൾ അവർ അവനെ ജമാഅത്തിന് സമർപ്പിച്ചുകൊണ്ട് ജാമിയ അഹ്മദിയ ഘാനയിൽ അയക്കുകയുണ്ടായി. ജനങ്ങൾ അവരെ വളരെയധികം തടയാൻ ശ്രമിച്ചു. നിങ്ങൾ നിങ്ങളുടെ മകനെ അവിടെ അയച്ചാൽ അവർ നിങ്ങളുടെ മകനെ കൊന്നുകളയുമെന്നുവരെ പറയുകയുണ്ടായി. എന്നാൽ, അവർ വളരെ അഭിമാനത്തോടെ തന്റെ മകനെ അയക്കുകയാണ് ചെയ്തത്. പക്ഷേ, അല്ലാഹുവിന്റെ വിധിയനുസരിച്ച് ആഫ്രിക്കയിൽ പോയതിനുശേഷം അഹ്മദ് എപ്പിസായി മലേറിയ രോഗബാധിതനാവുകയും അവിടെ വഫാത്താകുകയും ചെയ്തു. ആ സമയത്ത് ജനങ്ങൾ വന്നു പറഞ്ഞു: 'നോക്കൂ! ഇസ്‌ലാം കളവാണ്. അതുകൊണ്ടാണ് നിന്റെ മകൻ മരണപ്പെട്ടത്. എന്നാൽ, മേലെ അനീസ എപ്പിസായി സാഹിബ അവരെ ഒരു രീതിയിലും വകവച്ചില്ല, അവരിലേക്ക് ശ്രദ്ധിച്ചതുമില്ല. ഇസ്‌ലാമിൽ ത്തന്നെ നിലകൊള്ളുകയും ഇസ്‌ലാമിനുവേണ്ടി വളരെ ധൈര്യത്തോടെ ജോലി ചെയ്തുകൊണ്ടിരിക്കുകയും ആദ്യത്തെക്കാൾ കൂടുതൽ ശക്തിയോടെ മുന്നേറുകയും ചെയ്തു. അവരുടെ വിശ്വാസത്തിലോ അവരുടെ പർദയിലൊ ഒരു വ്യത്യാസവും വന്നില്ല. അവരുടെ മറ്റു മക്കളും ഇസ്‌ലാമിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. സന്തപ്ത കുടുംബത്തിൽ മൂന്ന് പെൺകുട്ടികളും ഒരു മകനുമാണുള്ളത്. അല്ലാഹുതആല അവർക്ക് ക്ഷമ നൽകുമാറാകട്ടെ അവർക്ക് തങ്ങളുടെ മാതാവിനെ പോലെ ഇസ്‌ലാമിനും അഹ്മദിയത്തിനും സേവനം ചെയ്യുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ, അല്ലാഹു അവർ വിതച്ച വിത്തിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ, അവരുടെ ആഗ്രഹമനുസരിച്ച് ആ ചെറിയ ദ്വീപു മുഴുവൻ അഹ്മദിയത്തിന്റെ പ്രഭാവത്തിൽ ആകുമാറാകട്ടെ, അല്ലാഹു ഇങ്ങനെയുള്ള നിർഭയയും, മാതൃകായോഗ്യയും തബ്‌ലീഗിൽ ആവേശമുള്ളവരും വിശ്വാസസ്ഥൈര്യവുമുള്ളവരും, മുബല്ലിഗുമാരെക്കാൾ കൂടുതലായി തബ്‌ലീഗിന്റെ കടമ നിറവേറ്റുന്നവരുമായ ഇങ്ങനെയുള്ള സ്ത്രീകളെ ഇനിയും ജമാഅത്തിന് നൽകുമാറാകട്ടെ. ഇത്തരം മാതാക്കളെ ഇനിയും ലഭിക്കുമാറാകട്ടെ. അല്ലാഹു അവരുടെമേൽ കരുണ ചൊരിയുകയും പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ.




## ത്വാലിബെ ദുആ

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."

(മൽഫൂദാത്ത് വാള്യം 1, പേജ് 64)


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • ഹദീഥുന്നബ്‌വി(സ): •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'

(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

പേജ് 8 ൽ നിന്ന്

ണമായ പ്രശ്നങ്ങളും പ്രയാസങ്ങളും കണ്ടിട്ടുണ്ട്. നിരവധി യുദ്ധങ്ങളിൽ ഭാഗഭാക്കായി. അവരുടെ യുദ്ധനീക്കങ്ങൾ കണ്ടു. അദ്ദേഹം നിരവധി മണൽപ്പരപ്പുകളും നിരത്തുകളും താണ്ടിയിട്ടുണ്ട്. എത്ര ഭയാനകമായ നിരവധി സ്ഥലങ്ങളിൽ അദ്ദേഹം നുഴഞ്ഞു കയറി. വക്രമായ അനവധി വഴികളെ ഋജുവാക്കി. നിരവധി യുദ്ധങ്ങളിൽ മുന്നിട്ട് നിന്നു. എത്രമാത്രം കുഴപ്പങ്ങളെയാണ് അദ്ദേഹം ഇല്ലാതാക്കിയത്. എത്രമാത്രം യാത്രാമൃഗങ്ങളെയാണ് അദ്ദേഹം യാത്രകൾകൊണ്ട് മെലിയിച്ചത്. അതായത് യാത്രകളുടെ ആധിക്യം നിമിത്തം യാത്രാമൃഗങ്ങൾ ക്ഷീണിച്ചുപോയിരുന്നു. നിരവധി ദൂരം അദ്ദേഹം താണ്ടി. അങ്ങനെ അദ്ദേഹം അനുഭവജ്ഞാനിയും ഉൾക്കാഴ്ച ഉള്ളവനുമായി. പ്രയാസങ്ങളിൽ ക്ഷമ കൈക്കൊള്ളുന്നവനും അധ്വാനശീലനുമായി. അല്ലാഹു അദ്ദേഹത്തെ തന്റെ ആയത്തുകളുടെ കേന്ദ്രമായ നബി(സ) തിരുമേനിയുടെ സൗഹൃദത്തിനുവേണ്ടി തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ സത്യസന്ധതയും ദൃഢതയുംകൊണ്ട് അദ്ദേഹത്തെ സ്തുതിച്ചു.

ഈ സൂചന നൽകുന്നത് അദ്ദേഹം നബി(സ) തിരുമേനിയുടെ പ്രിയപ്പെട്ടവരിൽ ഏറ്റവും ഉന്നതനായിരുന്നു എന്നാണ്. അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ ധാതുവിനാലാണ് സൃഷ്ടിക്കപ്പെട്ടത്. കൂറ് അദ്ദേഹത്തിന്റെ അകത്താരിൽ ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തെ വളരെ ഭയാനകമായ സന്ദർഭങ്ങളിലേക്കും ദുഷ്കരമായ സമയങ്ങളിലേക്കുംവേണ്ടി തിരഞ്ഞെടുത്തു. അല്ലാഹു ഏറ്റവും അറിയുന്നവനും യുക്തിശാലിയുമാകുന്നു. അവൻ എല്ലാ കാര്യങ്ങളും യഥോചിതം വെക്കുന്നു. അവൻ വെള്ളത്തെ ശരിയാംവണ്ണം അരുവികളിൽ നിന്നും പുറത്തേക്ക് കൊണ്ടുവരുന്നു. അതുകൊണ്ട് അവൻ തന്നെയാണ് അബൂഖുഹാഫയുടെ മകനുമേൽ ദൃഷ്ടി പതിക്കുകയും അദ്ദേഹത്തിനുമേൽ വലിയ ഔദാര്യം ചൊരിയുകയും ചെയ്തത്. അദ്ദേഹത്തെ വ്യതിരിക്തമായ ജീവിതത്തിന്റെ ഉടമയാക്കി. അല്ലാഹു പറയുന്നു: ഏറ്റവുമധികം സത്യസന്ധമായ കാര്യം പറയുന്നവൻ, അതായത് അല്ലാഹു, പറഞ്ഞ കാര്യം തന്നെയാണ് ഏറ്റവും സത്യസന്ധമായിട്ടുള്ളത്. എന്താണ് പറഞ്ഞത്, *ഇല്ലാ തൻസ്വുറൂഹു ഫഖദ് നസ്വറഹുല്ലാഹു ഇദ് അഖ്റജഹുല്ലദീന കഫറൂ ഥാനിയഥ്നയ്നി ഇദ്ഹുമാ ഫിൽഗാരി ഇദ് യഖൂലു ലിസ്വാഹിബിഹീ ലാ തഹ്സൻ ഇന്നല്ലാഹ മഅനാ ഫ അൻസലല്ലാഹു സക്കീനത്തഹു അലയ്ഹി വ അയ്യദഹൂ ബിജുനൂദിൻ ല്ലം തറൗഹാ വ ജഅല കലിമത്തല്ലദീന കഫറുസ്സുഫ്ലാ വ കലിമത്തുല്ലാഹി ഹിയൽ ഉൽയാ വല്ലാഹു അസീസുൻ ഹക്കീം*(9:40)

നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ(അറിയുക) തീർച്ചയായും അവിശ്വസിച്ചവർ അദ്ദേഹത്തെ(സ്വദേശത്തുനിന്ന്) ബഹിഷ്കരിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം രണ്ടിൽ ഒരാളായിരുന്നപ്പോൾ. അവർ രണ്ടുപേരും ആ ഗുഹയിലായിരുന്നപ്പോൾ, "നീ ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മോടൊപ്പമമുണ്ട്" എന്ന് അദ്ദേഹം കൂട്ടുകാരനോടു പറയുകയായിരുന്നപ്പോൾ. ആ സന്ദർഭത്തിൽ അല്ലാഹു തന്റെ പക്കൽനിന്നുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുത്തു. നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെകൊണ്ട് അവൻ അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും അവിശ്വസിച്ചവരുടെ വചനത്തെ ഏറ്റവും താഴ്ന്നതാക്കുകയും ചെയ്തു. അല്ലാഹുവിന്റെ വചനം തന്നെയാണ് ഏറ്റവും ഉയർന്നു നില്ക്കുന്നത്. അല്ലാഹു പ്രതാപവാനും അഗാധജ്ഞനുമാകുന്നു."(സിർറുൽഖിലാഫ, മുത്തർജിം പേജ് 60 -62, റൂഹാനീഖസാഇൻ വാല്യം 8,പേജ് 339)

ഹദ്റത്ത് അബൂബക്ർ(റ)നു സ്വപ്ന വ്യാഖ്യാന ശാസ്ത്രവും നല്ലപോലെ അറിയാമായിരുന്നു. എഴുതുന്നു: 'സ്വപ്ന വ്യഖ്യാനത്തിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് നല്ല പ്രാവീണ്യമുള്ള ആളായി രുന്നു. സ്വപ്നവ്യാഖ്യാനത്തിൽ അദ്ദേഹം എല്ലാവരേക്കാളും മേലെയായിരുന്നു. എത്രത്തോളമെന്നാൽ നബി(സ)തിരുമേനിയുടെ പരിശുദ്ധ കാലഘട്ടത്തിലും അദ്ദേഹം സ്വപ്നങ്ങൾ വ്യാഖ്യാനിക്കാറുണ്ടായിരുന്നു. ഇമാം മുഹമ്മദ് ബിൻ സീരീൻ പറയുന്നു: നബി(സ) തിരുമേനിക്കു ശേഷം ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഏറ്റവും വലിയ സ്വപ്ന വ്യാഖ്യാതാവ് ആയിരുന്നു.(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ), മുഹമ്മദ് ഇൽയാസ് ആദിൽ പേജ് 174)

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ചില സ്വപ്ന വ്യാഖ്യാനങ്ങൾ വിവരിക്കപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: ഉഹുദിൽനിന്ന് തിരിച്ചുവരുമ്പോൾ ഒരാൾ നബി(സ)തിരുമേനിയുടെ അടുക്കലെത്തി പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ സ്വപ്നത്തിൽ ഒരു മേഘം കണ്ടു. അതിൽനിന്ന് നെയ്യും തേനും ഇറ്റിറ്റ് വീഴുന്നുണ്ടായിരുന്നു. ജനങ്ങൾ അത് കൈയിലെടുക്കുന്നതും ഞാൻ കണ്ടു. ചിലർ കൂടുതൽ എടുക്കുന്നു; മറ്റുള്ളവർ കുറച്ച്. ആകാശത്തിലേക്കെത്തുന്ന ഒരു കയറും ഞാൻ കണ്ടു. അങ്ങ് അതിൽ പിടിച്ചുകൊണ്ട് അതുമുഖേന മുകളിലേക്ക് പോയി. അതിനുശേഷം മറ്റൊരു വ്യക്തി അത് പിടിച്ച് അതുമുഖേന മുകളിലേക്ക് കയറിപ്പോയി. അതു കഴിഞ്ഞു വേറെ ഒരു വ്യക്തി അതിൽ പിടിച്ചു. അയാളും മുകളിലേക്ക് കയറി. പിന്നെ വേറെ ഒരു വ്യക്തി അതിൽ പിടിച്ചു. പക്ഷേ, അത് പൊട്ടിപോയി. പിന്നെ അയാൾക്കുവേണ്ടി അത് കൂട്ടിക്കെട്ടുകയുണ്ടായി. അതിലൂടെ അയാൾ മുകളിലേക്ക് കയറുകയും ചെയ്തു.' ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയോട് പറഞ്ഞു: 'യാ റസൂലല്ലാഹ്! ഇതിനെ വ്യാഖ്യാനിക്കാൻ എന്നെ അനുവദിച്ചാലും. അനുവാദം തന്നാൽ ഞാൻ അതിനെ വ്യാഖ്യാനിക്കുന്നതാണ്.' നബി(സ)തിരുമേനി പറഞ്ഞു: 'വ്യാഖ്യാനിച്ച് കൊള്ളുക.' അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: നിഴൽ പരത്തുന്ന മേഘം ഇസ്‌ലാം ആകുന്നു. അതിൽ നിന്ന് ഇറ്റിറ്റ് വീഴുന്ന തേനും നെയ്യും വിശുദ്ധ ഖുർആനാണ്. അതിന്റെ മാധുര്യവും രുചിയും കാരണം ജനങ്ങൾ ആ തേനും നെയ്യും കരസ്ഥമാക്കുന്നു. അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഖുർആൻ കരസ്ഥമാക്കുന്ന ആളുകളാണ്. അതായത് വിശുദ്ധ ഖുർആനിന്റെ അറിവ് കരസ്ഥമാക്കുന്നവർ ഏറിയും കുറഞ്ഞും ഇരിക്കും. ആകാശത്തോളം ഉയർന്നിട്ടുള്ള പാശം സത്യമാകുന്നു. അതിലാണ് നബി(സ)തിരുമേനി ഉള്ളത്. നബി (സ)തിരുമേനി അതെടുക്കുകയും അതുമുഖേന ഉയരുകയും ചെയ്തു. പിന്നെ നബി(സ)തിരുമേനിക്കു ശേഷം മറ്റൊരു വ്യക്തി അത് എടുക്കുകയും ഉയരുകയും ചെയ്യും. പിന്നെ വേറെ ഒരാളും അത് മുഖേന ഉയരുന്നതാണ്. അത് കഴിഞ്ഞ് ഒരാൾ കൂടി ഉയരും. ശേഷം അത് പൊട്ടിപ്പോകും. പിന്നെ അയാൾക്ക് വേണ്ടി അത് കൂട്ടിച്ചേർക്കും. അങ്ങനെ അതു മുഖേന അയാൾക്കും ഉയർച്ച ലഭിക്കും. നബി (സ)തിരുമേനി പറഞ്ഞു. 'താങ്കൾ പറഞ്ഞതിൽ കുറച്ച് ശരിയും കുറച്ച് തെറ്റുമുണ്ട്.' ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: "യാ റസൂലല്ലാഹ്! അങ്ങയെ കൊണ്ട് സത്യം! ഞാൻ പറഞ്ഞതിൽ ഏതാണ് ശരി, എന്താണ് തെറ്റിയതെന്ന് അങ്ങ് എനിക്ക് പറഞ്ഞു തന്നാലും. നബി(സ)തിരുമേനി പറഞ്ഞു: അബൂബക്റേ, സത്യം ചെയ്യേണ്ട.'(സുനൻ ഇബ്നു മാജ, കിതാബുത്തഅ്ബീർറുഅ്യാ, ഹദീഥ് നമ്പർ 3918)

അതായത് നബി(സ)തിരുമേനി ശരിയായ വ്യാഖ്യാനം ആ സമയത്ത് വെളിപ്പെടുത്താൻ ആഗ്രഹിച്ചില്ല. അതുകൊണ്ട് പറയുകയുണ്ടായി, ശപഥം ചെയ്യേണ്ട കാര്യമില്ല. താങ്കൾ വിശദീകരിച്ചത് തന്നെ ധാരാളമാണ്.

ഇബ്നു ശിഹാബ് നിവേദനം. നബി(സ) തിരുമേനി ഒരു സ്വപ്നം കണ്ടു. അത് ഹദ്റത്ത് അബൂബക്റിന് മുന്നിൽ വിവരിച്ചുകൊണ്ട് പറഞ്ഞു: "ഞാനൊരു സ്വപ്നം കണ്ടിരിക്കുന്നു. ഞാനും താങ്കളും ഒരു കോണിയിൽ കയറിക്കൊണ്ടിരിക്കുന്നു, ഞാൻ താങ്കളെക്കാളും രണ്ടരപടി മുകളിലാണുള്ളത്.' അദ്ദേഹം പറഞ്ഞു: 'നല്ലത്. യാ റസൂലല്ലാഹ്സ! അല്ലാഹു അങ്ങയെ അങ്ങയുടെ കണ്ണുകൾക്ക് സന്തോഷമുണ്ടാകുന്ന കാര്യങ്ങൾ കാണിക്കുകയും കണ്ണുകൾക്ക് കുളിർമ ഉണ്ടാകുന്നതുവരെയും ഇവിടെ നിറുത്തുന്നതുമാണ്.' അദ്ദേഹം അത് മൂന്നുതവണ ആവർത്തിച്ചു. മൂന്നാമത്തെ തവണ നബി(സ) തിരുമേനി പറഞ്ഞു: 'അബൂബക്റേ! സ്വപ്നത്തിൽ ഞാനും താങ്കളും ഒരു ഏണിയിൽ കയറിയതായും ഞാൻ താങ്കളെക്കാൾ രണ്ടരപടി മുകളിൽ നിൽക്കുന്നതായും കണ്ടു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! അല്ലാഹു അങ്ങയെ തന്റെ കാരുണ്യത്തിലും മഗ്ഫിറത്തിലും എടുക്കുന്നതാണ്. ഞാൻ അങ്ങയ്ക്കുശേഷം രണ്ടര വർഷം ജീവിച്ചിരിക്കുന്നതാണ്.'(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 3, പേജ് 132, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2012)

ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞ വിശദീകരണം അതേപോലെ തന്നെ പൂർത്തിയാകുകയുണ്ടായി.

നബി(സ)തിരുമേനിയുടെ സഹധർമിണി ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു: "ഞാൻ ഒരു സ്വപ്നത്തിൽ എന്റെ മുറിക്കകത്തു മൂന്ന് ചന്ദ്രന്മാർ വീഴുന്നതായി സ്വപ്നം കണ്ടിരുന്നു. ഞാൻ എന്റെ ഈ സ്വപ്നം എന്റെ പിതാവ് ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന് മുന്നിൽ വിവരിച്ചു. നബി(സ) തിരുമേനി വഫാത്താകുകയും നബിതിരുമേനിയെ ഹദ്റത്ത് ആഇശ(റ)യുടെ മുറിയിൽ മറവടക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) മകളോടു പറഞ്ഞു: 'നിന്റെ ചന്ദ്രന്മാരിൽ ഒന്ന് ഇതാകുന്നു. ഇത് അവരിൽ ഏറ്റവും ഉന്നതനുമാകുന്നു.'(മുഅത്ത്വാ, കിതാബുൽ ജനാഇസ്, ഹദീഥ് 546, ദാറുൽഫിക്ർ ബെയ്റുത്ത്)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബീ ലയ്ലാ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'കറുത്ത ആടുകളുടെ ഒരു കൂട്ടം എന്നെ പിൻപറ്റുന്നത് ഞാൻ കാണുകയുണ്ടായി, അതിന് പിന്നിൽ കാക്കി നിറമുള്ള ആടുകളുടെ കൂട്ടങ്ങളുമുണ്ട്.' അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: യാ റസൂലല്ലാഹ്! ഈ അറബികൾ അങ്ങയെ പിൻപറ്റുന്നതാണ്. പിന്നെ അനറബികളും അങ്ങയെ പിൻപറ്റും. നബി(സ) തിരുമേനി പറഞ്ഞു: 'മലക്കുകളും ഇതേ വിശദീകരണമാണ് നൽകിയത്.'(മുസ്വന്നിഫ് ഇബ്നു അബീ ശീബ, വാല്യം 10, പേജ് 125, കിതാബുൽ

ഈമാൻ വർറുഅ്യാ, ഹദീഥ് 31101, അൽഫാറൂഖ് ലിൽ ഹദീഥ് 2008) ഇതൊക്കെയാണ് സ്വപ്നങ്ങളെ കുറിച്ചുള്ള വിവരണങ്ങൾ.

ഇനിയുള്ള ചർച്ച പുരുഷന്മാരിൽ ആരാണ് ആദ്യത്തെ മുസ്‌ലിം എന്നതാണ്. ഇതു സംബന്ധിച്ച് ഹദ്റത്ത് അബൂബക്ർതന്നെ എന്നാണ് പറയപ്പെടുന്നത്. ഹദ്റത്ത് അമ്മാർ ബിൻ യാസിർ(റ) പറയുന്നു: 'ഞാൻ, നബി(സ)തിരുമേനിയുടെ ആരംഭ കാലഘട്ടത്തിൽ കണ്ടിട്ടുണ്ട്. അന്ന് നബി(സ)തിരുമേനിയുടെ കൂടെ കേവലം അഞ്ചു അടിമകളും രണ്ടു സ്ത്രീകളും ഹദ്റത്ത് അബൂബക്റുമാണ് ഉണ്ടായിരുന്നത്.'(സ്വഹീഹ് ബുഖാരി, കിതാബു ഫളാഇൽ അസ്ഹാബുന്നബിയ്യി(സ), ഹദീഥ് നമ്പർ 3660)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് തന്റെ ഗ്രന്ഥമായ സീറത്ത് ഖാതമുന്നബിയ്യീനിൽ വിശദമായ ഒരു കുറിപ്പ് എഴുതിയിട്ടുണ്ട്. അദ്ദേഹം അതിലെഴുതുന്നു, അതായത് ഏറ്റവുമാദ്യം നബി(സ)തിരുമേനിയെ ആരാണ് വിശ്വസിച്ചത് എന്നതിനെ സംബന്ധിച്ച്.

നബി(സ)തിരുമേനി തന്റെ ദൗത്യപ്രചാരണം ആരംഭിച്ചപ്പോൾ ഏറ്റവുമാദ്യം വിശ്വസിച്ചത് ഹദ്റത്ത് ഖദീജ(റ) ആയിരുന്നു. അവർ ഒരു നിമിഷനേരത്തേക്ക് പോലും ചിന്തിച്ചില്ല. ഹദ്റത്ത് ഖദീജക്കുശേഷം പുരുഷന്മാരിൽനിന്ന് ആദ്യം വിശ്വസിച്ച ആളെ സംബന്ധിച്ച് ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ട്. ചിലർ ഹദ്റത്ത് അബൂബക്ർ അബ്ദുല്ലാഹ് ബിൻ അബീ ഖുഹാഫയുടെ പേര് പറയുന്നു; ചിലർ അന്ന് പത്ത് വയസ്സുണ്ടായിരുന്ന ഹദ്റത്ത് അലിയാണെന്നും. മറ്റു ചിലർ നബി(സ)തിരുമേനി സ്വാതന്ത്രനാക്കിയ അടിമ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ ആണെന്നും പറയുന്നുണ്ട്. പക്ഷേ, നമ്മുടെ വീക്ഷണത്തിൽ ഈ തർക്കം അനാവശ്യമാകുന്നു. ഹദ്റത്ത് അലിയും സയ്ദ് ബിൻ ഹാരിഥയും നബി(സ)തിരുമേനിയുടെ വീട്ടിലെ ആളുകളായിരുന്നു. തിരുനബിയുടെ കുട്ടികളെപ്പോലെയാണ് കഴിഞ്ഞിരുന്നത്. നബി(സ)തിരുമേനി പറഞ്ഞതും അവർ വിശ്വസിച്ചു. (അതായത് നബി(സ)തിരുമേനി പറഞ്ഞതെല്ലാം അവർ വിശ്വസിക്കുകയുണ്ടായി. അതുകൊണ്ടുതന്നെ അവരുടെ വിശ്വാസം വലിയ കാര്യമല്ല. കാരണം അവർ വളരെ ചെറിയ പ്രായത്തിലുള്ളവരും വീട്ടിലെ അംഗങ്ങളുമായിരുന്നു). മാത്രമല്ല ഏതെങ്കിലും വാക്കാലുള്ള പ്രഖ്യാപനത്തിന്റെ ആവശ്യവും അവർക്കില്ലായിരുന്നു. അതുകൊണ്ടുതന്നെ അവരുടെ പേരുകൾ ഇതിലേക്ക് കൊണ്ടുവരേണ്ട കാര്യമില്ല. ഇനി ബാക്കിയുള്ളതിൽ ഹദ്റത്ത് അബൂബക്ർ(റ) ഏറ്റവും മുൻപന്തിയിലുള്ള ആളും വിശ്വാസികളിൽ പ്രഥമനുമായിരുന്നു.

ഹദ്റത്ത് അബൂബക്ർ(റ) തന്റെ മാന്യതയും യോഗ്യതയും കാരണം ഖുറയ്ശികളിൽ ഏറെ ആദരീണയനായിരുന്നു. ഇസ്‌ലാമിൽ അദ്ദേഹത്തിന് ലഭ്യമായ സ്ഥാനം മറ്റൊരു സ്വഹാബിക്കുമില്ല. ഹദ്റത്ത് അബൂബക്ർ(റ) ഒരു നിമിഷനേരത്തേക്കുപോലും നബി(സ)തിരുമേനിയുടെ വാദങ്ങളിൽ സംശയം പ്രകടിപ്പിച്ചില്ല. മറിച്ച് കേട്ടുടനെ സ്വീകരിക്കുകയാണുണ്ടായത്. പിന്നെ അദ്ദേഹം തന്റെ എല്ലാ ശ്രദ്ധയും ജീവനും സമ്പത്തും നബി(സ)തിരുമേനി കൊണ്ടുവന്ന ദീനിന്റെ സേവനത്തിനുവേണ്ടി സമർപ്പിച്ചു. നബി(സ)തിരുമേനിക്ക് തന്റെ സ്വഹാബാക്കളിൽ ഏറ്റവും പ്രിയം അദ്ദേഹത്തോടായിരുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം അദ്ദേഹം അവിടത്തെ ആദ്യത്തെ ഖലീഫയായി. പിന്നെ ഖിലാഫത്തുകാലത്തും അദ്ദേഹം അനുപമമായ യോഗ്യതയുള്ളവനാണെന്ന് തെളിയിച്ചു.' ഹദ്റത്ത് അബൂബക്റിനെ സംബന്ധിച്ച് യൂറോപ്പിലെ പ്രസിദ്ധനായ വിമർശകൻ സ്പ്രിംഗ്ലർ എഴുതുന്നു: 'അബൂബക്ർ ഇസ്‌ലാമിന്റെ ആരംഭകാലത്തുതന്നെ നബിയെ വിശ്വസിച്ചുവെന്നത് വ്യക്തമാക്കുന്നതെന്തെന്നാൽ, നബി(സ)തിരുമേനി ചതിക്കപ്പെടുമായിരുന്നുവെങ്കിലും ഒരിക്കലും ചതിക്കുന്നവൻ ആയിരുന്നില്ല എന്നാണ്. മറിച്ച് സത്യഹൃദയത്തോടുകൂടിതന്നെ ദൈവത്തിന്റെ പ്രവാചകനാണെന്ന് ഉറച്ചു വിശ്വസിച്ചു. സർ വില്യം മ്യൂയിറിനും സ്പ്രിംഗ്ലറുടെ ഈ അഭിപ്രായത്തോട് പൂർണമായ യോജിപ്പാണുള്ളത്.

ഹദ്റത്ത് ഖദീജ(റ), ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് അലി, സയ്ദ് ബിൻ ഹാരിഥ എന്നിവർക്ക് ശേഷം ഇസ്‌ലാം സ്വീകരിച്ച അഞ്ചു വ്യക്തികൾ ഹദ്റത്ത് അബൂബക്ർ(റ)ന്റെ തബ്‌ലീഗിലൂടെയാണ് വിശ്വാസികളായത്. ഇവരെല്ലാവരും ഇസ്‌ലാമിലെ ഉന്നതസ്ഥാനീയരായ സ്വഹാബാക്കളുടെ ഗണത്തിലാണ് എണ്ണപ്പെടുന്നത്. അവരുടെ പേരുകൾ ഇപ്രകാരമാണ്. 1.ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ) 2.ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) 3.സഅ്ദ് ബിൻ അബീ വഖാസ്(റ), 4. ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം(റ) 5.ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്(റ).

ഈ അഞ്ചു സഹാബാക്കളും അശ്റമുബശ്ശറയിൽ പെട്ടവരാകുന്നു. അതായത് നബി(സ)തിരുമേനി തന്റെ പരിശുദ്ധ നാവിലൂടെ സ്വർഗ്ഗത്തെ കുറിച്ച് സുവാർത്ത അറിയിച്ച പത്ത് സ്വഹാബാക്കളിൽപ്പെട്ടവർ. ഇവർ നബി(സ)തിരുമേനിയുടെ ഏറ്റവും അടുത്ത സ്വഹാബാക്കളിലും അഭിപ്രായങ്ങൾ നൽകിയവരിലും ഗണിക്കപ്പെടുന്നു.'(സീറത്ത് ഖാതമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ)പേജ് 121-123)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സന്ദർഭത്തിൽ ജമാഅത്തിൽ സാമ്പത്തികാഹ്വാനം നൽകിക്കൊണ്ട് അതിനെ ഇവരുടെ സംഭവമുമായി ചേർത്തിട്ടുണ്ടായിരുന്നു. അദ്ദേഹം എഴുതുന്നു: "വിശ്വാസികൾ ഇത്തരം ആഹ്വാനങ്ങളിൽ പരിഭ്രമിക്കരുത്. അതായത് സാമ്പത്തികാഹ്വാനങ്ങളിലും ത്യാഗത്തെ കുറിച്ചുള്ള ആഹ്വാനങ്ങളിലും പരിഭ്രമിക്കുകയല്ല പ്രത്യുത ഈ ആഹ്വാനം തങ്ങൾക്കാണ് ആദ്യം എത്തിയതെന്ന കാര്യത്തിൽ സന്തോഷിക്കുകയും അഭിമാനിക്കുകയുമാണ് വേണ്ടത്. അവർ ഭയപ്പെടുകയില്ല. അവർ അതിൽ അഭിമാനിക്കുന്നു. അവർ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയും ഏറ്റവുമധികം അവന്റെ മാർഗ്ഗത്തിൽ ത്യാഗങ്ങൾ വരിക്കുകയും ചെയ്യുന്നു. അങ്ങനെ ഏറ്റവും മുന്തിയ സ്ഥാനം കരസ്ഥമാക്കുന്നു. ഹദ്റത്ത് അബൂബക്ർ(റ) ചെയ്ത ത്യാഗങ്ങളും അദ്ദേഹത്തിന് ചെയ്യാൻ കഴിഞ്ഞ സേവനങ്ങളും കാരണം തനിക്ക് ത്യാഗങ്ങൾക്ക് എന്തുകൊണ്ടും ആദ്യം അവസരം കിട്ടണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നുവോ? തനിക്ക് എന്തിനാണ് ആദ്യംതന്നെ അവസരം കിട്ടിയതെന്ന് അദ്ദേഹം ചിന്തിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിട്ടുണ്ടോ? അദ്ദേഹം വളരെ സന്തോഷപൂർവം, തന്നെ പ്രയാസങ്ങളിൽ അകപ്പെടുത്തുകയും ദൈവമാർഗ്ഗത്തിൽ പ്രയാസങ്ങൾ സഹിക്കുകയും ചെയ്തു. അതുകൊണ്ട് അദ്ദേഹം കരസ്ഥമാക്കിയ സ്ഥാനം ഹദ്റത്ത് ഉമറിനുപോലും കിട്ടിയില്ല. കാരണം അദ്ദേഹം ആദ്യം വിശ്വസിച്ചതുകൊണ്ട് ഏറ്റവുമാദ്യം ത്യാഗങ്ങൾക്കും അവസരം കിട്ടി. വാസ്തവത്തിൽ ഹദ്റത്ത് ഉമർ വിശ്വസിച്ച സമയത്തും പ്രയാസങ്ങളുണ്ടായിരുന്നു. ബുദ്ധിമുട്ടിച്ചിട്ടുമുണ്ടായിരുന്നു. നമസ്കരിക്കാൻ അനുവദിച്ചിരുന്നില്ല. സ്വഹാബാക്കൾ സ്വന്തം നാട്ടിൽനിന്ന് പുറത്താക്കപ്പെട്ടിരുന്നു. ഹബ്ശയിലേക്കുള്ള ആദ്യ ഹിജ്റത്ത് നടക്കുകയായിരുന്നു. പുരോഗതിയുടെ കാലഘട്ടം അദ്ദേഹത്തിന്റെ വിശ്വാസത്തിനും കുറെ കഴിഞ്ഞാണ് ആരംഭിച്ചത്. പക്ഷേ, ഹദ്റത്ത് അബൂബക്റിന് ആരംഭകാലത്ത് വിശ്വസിച്ചതുകൊണ്ട് ആരംഭ കാലത്ത് ത്യാഗങ്ങൾ അനുഷ്ഠിക്കാനും അവസരങ്ങൾ കൈവന്നു. ഹദ്റത്ത് ഉമറിന് അതിന് സമാനമായത് കിട്ടിയില്ല. അതുകൊണ്ടുതന്നെ ഒരിക്കൽ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും തമ്മിൽ ഒരു അഭിപ്രായവ്യത്യാസമുണ്ടായപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ ഇസ്‌ലാമിനെ നിരാകരിച്ചിരുന്ന സമയത്ത് അബൂബക്ർ ഇസ്‌ലാം സ്വീകരിച്ചു. നിങ്ങൾ ഇസ്‌ലാമിനെ എതിർത്തിരുന്ന സമയത്ത് അദ്ദേഹം ഇസ്‌ലാമിനെ സഹായിച്ചു. ഇപ്പോൾ നിങ്ങൾ എന്തിനാണ് അദ്ദേഹത്തെ പ്രയാസപ്പെടുത്തുന്നത്?' അങ്ങനെ അദ്ദേഹം ആദ്യം വിശ്വസിച്ചതും ത്യാഗങ്ങൾ ചെയ്തതും നബി(സ)തിരുമേനി വെളിപ്പെടുത്തുകയുണ്ടായി. വാസ്തവത്തിൽ ഹദ്റത്ത് ഉമറും ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹവും ത്യാഗങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ, ഹദ്റത്ത് അബൂബക്റിന് ഇക്കാര്യങ്ങളിൽ പ്രഥമൻ എന്ന മേന്മ ലഭ്യമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) മക്കാവിജയ വേളയിൽ, ഈ സമയത്താണ് താൻ വിശ്വസിച്ചിരുന്നതെങ്കിൽ എന്ന് ആഗ്രഹിച്ചിട്ടുണ്ടായിരുന്നുവെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? ഭൗതികമായ രാജാധികാരങ്ങൾ അദ്ദേഹത്തിന് മുന്നിൽ വെച്ചാൽപോലും അദ്ദേഹം അതെല്ലാം വളരെ നിസാരങ്ങളായ പ്രതിഫലമായി മാത്രമേ ഗണിക്കുമായിരുന്നുള്ളൂ. അത് സ്വീകരിക്കുമായിരുന്നില്ല. മറിച്ച് ഈ ഉന്നതമായ സ്ഥാനത്തിന് പകരം ഭൗതികമായ രാജാധികാരങ്ങളെ കാലുകൊണ്ട് തട്ടിത്തെറിപ്പിക്കുന്നതും അദ്ദേഹത്തിന് പ്രയാസമുള്ള കാര്യമായിരുന്നില്ല."(മൻ അൻസ്വാരി ഇലല്ലാഹ്, അൻവാറുൽഉലൂം, വാള്യം9, പേജ് 30-31)

ചുരുക്കത്തിൽ അതെല്ലാം അദ്ദേഹത്തിന്റെ ത്യാഗങ്ങൾക്കുള്ള പ്രതിഫലമായിരുന്നു. ഇങ്ങനെയാണ് അല്ലാഹു പടിപടിയായി പ്രതിഫലം നൽകുന്നത്.

അടിമകളെ മോചിപ്പിക്കുന്നതിന് കുറിച്ച് എഴുതുന്നു: "ഹദ്റത്ത് ഉമർ(റ) ഇങ്ങനെ പറയുമായിരുന്നു, അബൂബക്റിൻ സയ്യിദുനാ വ അഅ്തഖ സയ്യിദനാ യഅ്നീ ബിലാലൻ (സ്വഹീഹ് ബുഖാരി കിതാബു ഫളാഇൽ അസ്ഹാബുന്നബിയ്യി(സ) മനാഖിബിൽ ബിലാലിബ്നി റബാഹ്, മൗലാ അബീബക്റിൻ റളിയല്ലാഹു അൻഹുമാ ഹദീഥ് 3754)

(അബൂബക്ർ ഞങ്ങളുടെ നേതാവാകുന്നു. അദ്ദേഹം ഞങ്ങളുടെ നേതാവിനെ സ്വതന്ത്രനാക്കി.) അദ്ദേഹം ഉദ്ദേശിച്ചത് ഹദ്റത്ത് ബിലാലിനെ ആയിരുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഇസ്‌ലാമിന്റെ ആരംഭകാലത്ത് ഏഴ് അടിമകളെ മോചിപ്പിച്ചു. അവരെ അല്ലാഹുവിന്റെ പേരിൽ സമൂഹം പ്രയാസത്തിൽ അകപ്പെടുത്തിയതായിരുന്നു. ഈ അടിമകളുടെ പേരുകൾ ഇപ്രകാരമാണ്. ഹദ്റത്ത് ബിലാൽ(റ), ആമിർ ബിൻ ഫുഹയ്റ(റ), സിന്നീറ(റ), നഹ്ദിയ്യ(റ), അവരുടെ മകൾ(റ), അവരുടെ മകൾ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 08 - 15 Dec 2022 Issue-49-50

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ബനു മുഅമ്മലിന്റെ ഒരു അടിമസ്ത്രീ, മറ്റൊരു അടിമ ഉമ്മു ഉബയ്സ്.(അൽഇസ്വാബ ഫീ തമീസ്സിസ്സ്വഹാബ വാള്യം 3, പേജ് 247, അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ, ദാറുൽഫിക്ർ ബെയ്റുത്ത് 2001)

എതിരാളികളും ഹദ്റത്ത് അബൂബക്റിന്റെ നന്മയെ കുറിച്ചും ഉന്നത സ്വഭാവത്തെ കുറിച്ചും വിശ്വാസമുള്ളവരായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അബൂബക്റിനെ സംബന്ധിച്ചിടത്തോളം മുഴുവൻ മക്കയും അദ്ദേഹത്തിന്റെ ഔദാര്യത്തിന് വിധേയരായിരുന്നു. സമ്പാദിച്ചതെല്ലാം അദ്ദേഹം അടിമകളെ മോചിപ്പിക്കാൻ ചെലവഴിച്ചു കൊണ്ടിരുന്നു. അദ്ദേഹം ഒരിക്കൽ മക്ക വിട്ട് പുറത്ത് പോകുകയായിരുന്നു. ഒരു നേതാവ് അദ്ദേഹത്തെ വഴിയിൽ കണ്ടുമുട്ടി. അദ്ദേഹത്തോട് ചോദിച്ചു: അബൂബക്ർ! എവിടേക്കാണ് പോകുന്നത്? അദ്ദേഹം പറഞ്ഞു: 'എനിക്ക് ഈ നാട്ടിൽ സമാധാനമില്ല. ഞാൻ മറ്റേതെങ്കിലും സ്ഥലത്ത് പോകുകയാണ്.' ആ നേതാവ് പറഞ്ഞു: 'നിങ്ങളെപോലെ നന്മയുള്ള വ്യക്തി നാട്ടിൽനിന്ന് പുറത്തു പോകുകയാണെങ്കിൽ ഈ നാട് നശിക്കുന്നതാണ്. ഞാൻ നിങ്ങൾക്ക് അഭയം നൽകാം. നിങ്ങൾ നാടുവിടേണ്ടതില്ല.' അദ്ദേഹം ആ നേതാവിന്റെ അഭയത്തിൽ തിരിച്ചുവന്നു. അദ്ദേഹം രാവിലെ എഴുന്നേറ്റ് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ സ്ത്രീകളും കുട്ടികളും ചുവരിന്നടുത്ത് ചെവിവെച്ച് ഖുർആൻ കേൾക്കുമായിരുന്നു. അദ്ദേഹത്തിന്റെ ശബ്ദത്തിൽ വളരെ ആർദ്രതയും വേദനയുമുണ്ടായിരുന്നു. വിശുദ്ധ ഖുർആൻ അറബിയിൽ ആയിരുന്നതുകൊണ്ട് സ്ത്രീ പുരുഷന്മാർക്കും കുട്ടികൾക്കും അത് മനസ്സിലാകുമായിരുന്നു. കേൾക്കുന്നവരെ അത് സ്വാധീനിച്ചിരുന്നു. ഈ കാര്യം പരന്നപ്പോൾ മക്കക്കാർക്കിടയിൽ ബഹളമായി. ഇങ്ങനെ എല്ലാവരും ദീനില്ലാത്തവരായി പോകുമല്ലോ! അവസാനം അവരെല്ലാവരും ആ നേതാവിന്റെ അടുക്കലെത്തി അയാളോട് പറഞ്ഞു: താങ്കൾ എന്തിനാണ് ഇയാൾക്ക് അഭയം നൽകിയിട്ടുള്ളത്? ആ നേതാവ് ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു. താങ്കൾ ഇങ്ങനെ ഖുർആൻ പാരായണം ചെയ്യരുത്, മക്കക്കാർ അതുകൊണ്ട് നീരസത്തിലാണ്. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'താങ്കൾ നൽകിയ അഭയം തിരിച്ചെടുത്തലും, എനിക്ക് ഇതിൽ നിന്ന് പിന്മാറാൻ സാധ്യമല്ല.' അങ്ങനെ ആ നേതാവ് അഭയം തിരിച്ചെടുത്തു. ഇത് ഹദ്റത്ത് അബൂബക്റിന്റെ തഖ്‌വക്കും പരിശുദ്ധിക്കുമുള്ള വലിയ ഒരു തെളിവാകുന്നു. ആ നാട്ടുകാർ നബി(സ)തിരുമേനിയുടെ ബദ്ധവൈരികളും ആ മഹാത്മാവിനെ ശകാരിക്കുന്നവരുമായിരുന്നു. പക്ഷേ, അവർ ഹദ്റത്ത് അബൂബക്റിന്റെ പരിശുദ്ധിയുടെ കാര്യത്തിൽ എത്രമാത്രം ഉറപ്പുള്ളവരായിരുന്നുവെന്നാൽ ആ നേതാവ് പറഞ്ഞത് താങ്കൾ പുറത്തു പോയാൽ നാട് നശിക്കുമെന്നായിരുന്നു."(തഫ്സീറെ കബീർ വാള്യം 10, പേജ് 327)

നമസ്കാരത്തിലെ ഇമാമത്ത് വഹിക്കുന്നതിനെ കുറിച്ച് പറയുന്നു: നബി(സ)തിരുമേനിയുടെ അഭാവത്തിൽ ചിലയാളുകൾക്ക് മസ്ജിദ് നബവിയിൽ നമസ്കരിപ്പിക്കാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്. അതിൽ ഹദ്റത്ത് അബൂബക്റും ഉൾപ്പെടുന്നു. ഹദ്റത്ത് അബൂബക്റിന് മാത്രം ലഭ്യമായ ഒരു പ്രത്യേക സൗഭാഗ്യമെന്തെന്നാൽ നബി(സ)തിരുമേനി തന്റെ അവസാന നാളുകളിൽ തിരുനബിയുടെ പ്രത്യേക നിർദേശപ്രകാരം നമസ്കരിപ്പിക്കാൻ സൗഭാഗ്യം ലഭിച്ചിരുന്നു എന്നതാണ്. ഇത് സംബന്ധിച്ച് വ്യത്യസ്ത നിവേദനങ്ങളുണ്ട്. ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു: ജനങ്ങളിൽ അബൂബക്ർ ഉണ്ടായിരിക്കുമ്പോൾ അദ്ദേഹമല്ലാതെ മറ്റാരും നമസ്കരിപ്പിക്കുന്നത് അഭികാമ്യമല്ല.(സുനനുത്തിർമിദി, കിതാബുൽമനാഖിബ് ഹദീഥ് നമ്പർ 3673)

അസ്‌വദ് വിവരിക്കുന്നു: ഞങ്ങൾ ഹദ്റത്ത് ആഇശ(റ)യുടെ അടുക്കലായിരുന്നു. ഞങ്ങൾ നമസ്കാരത്തിലുള്ള കൃത്യതയെ സംബന്ധിച്ചും പ്രാധാന്യത്തെ സംബന്ധിച്ചും പറയുകയായിരുന്നു. അപ്പോൾ അവർ പറഞ്ഞു: 'നബി(സ)തിരുമേനി മരണശയ്യയിലായ രോഗാവസ്ഥയിലായപ്പോൾ നമസ്കാരത്തിന്റെ സമയം ആകുകയും ബാങ്ക് കൊടുക്കുകയും ചെയ്തിരുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'അബൂബക്റിനോട് നമസ്കരിപ്പിക്കാൻ പറയുക.' നബി(സ)തിരുമേനിയോട് പറയപ്പെട്ടു, 'അബൂബക്ർ വളരെ ദുർബലഹൃദയനാകുന്നു. അങ്ങയുടെ സ്ഥാനത്ത് നിൽക്കുമ്പോൾ അദ്ദേഹത്തിന് നമസ്കരിപ്പിക്കാൻ കഴിയില്ല.' നബി(സ)തിരുമേനി താൻ പറഞ്ഞത് വീണ്ടും ആവർത്തിച്ചു. തിരുനബിയോട് വീണ്ടും പറയപ്പെട്ടു; 'അദ്ദേഹം വളരെ ദുർബലഹൃദയനാണ്.' നബി(സ)തിരുമേനി ആകട്ടെ താൻ പറഞ്ഞത് മൂന്നാമത്തെ തവണയും ആവർത്തിച്ചു. എന്നിട്ട് പറഞ്ഞു: 'നിങ്ങൾ യൂസുഫിന്റെ കാലത്തെ സ്ത്രീകളെ പോലെയാകുന്നു.' അതായത് അങ്ങനെയാണ് സംസാരിക്കുന്നത്.

ജനങ്ങൾക്ക് ഇമാമത്ത് വഹിക്കാൻ അബൂബക്റിനോട് പറയുക.

അങ്ങനെ ഹദ്റത്ത് അബൂബക്ർ നമസ്കരിപ്പിക്കാൻ പുറപ്പെട്ടു. നബി(സ)തിരുമേനി തന്റെ രോഗാവസ്ഥ അല്പം മെച്ചപ്പെട്ടുവെന്ന് കണ്ടപ്പോൾ പുറത്തുവന്നു. തിരുനബിയെ രണ്ടാളുകൾ താങ്ങി പിടിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് ആഇശ(റ) പറയുന്നു: 'അങ്ങനെ തന്നെയാണ് എന്റെ ഓർമ. ഇപ്പോൾ കാണുന്നതുപോലെ തോന്നുന്നു, നബി(സ)തിരുമേനിയുടെ കാലുകൾ രോഗം കാരണം പ്രാഞ്ചിപോകുകയായിരുന്നു. അതായത് ശരിക്ക് നടക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. കാലുയർത്താൻ കഴിഞ്ഞിരുന്നില്ല. കാലുകൾ തറയിൽ ഇഴയുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ നബി(സ) തിരുമേനിയെ കണ്ടപ്പോൾ പിന്നിലേക്ക് മാറാൻ ആഗ്രഹിച്ചു. പക്ഷേ, നബി(സ)തിരുമേനി ആംഗ്യഭാവത്തിൽ അവിടെത്തന്നെ നിൽക്കാൻ പറഞ്ഞു. അങ്ങനെ നബി(സ)തിരുമേനിയേയും അകത്തു കൊണ്ടുവന്നു. നബി(സ) തിരുമേനി, അബൂബക്റിന്റെ ഒരു വശത്തിരുന്നു. അഅ്മശിനോട് ചോദിച്ചു: നബി(സ)തിരുമേനി നമസ്കരിക്കുക ആയിരുന്നോ? ഹദ്റത്ത് അബൂബക്കറിന്റെ പിന്നിൽ നമസ്കരിച്ചുവോ? ഹദ്റത്ത് അബൂബക്ർ നബി(സ)തിരുമേനിയെ പിന്തുടർന്ന് നമസ്കരിക്കുകയും ജനങ്ങൾ അബൂബക്റിനെ പിന്തുടരുകയുമായിരുന്നുവോ? അദ്ദേഹം അതെ എന്ന് തലകൊണ്ട് ആംഗ്യം കാണിച്ചു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിന്റെ ഇടതു ഭാഗത്ത് ഇരിക്കുകയും ഹദ്റത്ത് അബൂബക്ർ നിന്നുകൊണ്ട് നമസ്കരിപ്പിക്കുകയും ചെയ്തു.(സ്വഹീഹ് ബുഖാരി, കിതാബുൽഅദാൻ, ഹദീഥ് 664)

നിവേദകൻ ഹദ്റത്ത് അനസ് ബിൻ മാലിക് അൻസ്വാരി എന്നോട് പറഞ്ഞു: അദ്ദേഹം നബി(സ)തിരുമേനിയെ പിൻപറ്റുകയും സേവിക്കുകയും തിരുനബിയുടെ സഹവാസത്തിൽ കഴിയുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പറയുന്നു: ഹദ്റത്ത് അബൂബക്ർ അവർക്ക് നമസ്കരിപ്പിച്ചിട്ടുണ്ടായിരുന്നു. നബി (സ)തിരുമേനി വഫാത്താകാൻ ഇടയായ രോഗാവസ്ഥയിൽ തിങ്കളാഴ്ച ദിവസം അദ്ദേഹവും നമസ്കാര സ്വഫ്ഫുകൾക്കിടയിൽ ഉണ്ടായിരുന്നു. നബി(സ) തിരുമേനി തന്റെ മുറിയുടെ പർദ്ദ നീക്കി, ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി എഴുന്നേറ്റു. തുരുനബിയുടെ മുഖം വിശുദ്ധ ഖുർആനിന്റെ താള് തന്നെയായിരുന്നു. തിരുനബി സന്തോഷം കൊണ്ട് പുഞ്ചിരിച്ചു. ഞങ്ങൾ നബി(സ)തിരുമേനിയുടെ സന്തോഷം കണ്ടു പരീക്ഷണത്തിൽ അകപ്പെട്ടു പോകുമോ എന്ന് ചിന്തിച്ചു. ഇത്രയും ആയപ്പോഴേക്കും ഹദ്റത്ത് അബൂബക്ർ(റ) തന്റെ കുതികാലുകളിൽ പിന്തിരിയുകയും സ്വഫ്ഫുകളിലേക്ക് ചേരുകയും ചെയ്തു. നബി(സ)തിരുമേനി നമസ്കരിക്കാൻ വരുമെന്ന് അദ്ദേഹം കരുതി. നബി(സ)തിരുമേനി ആംഗ്യഭാവത്തിൽ നമസ്കരിപ്പിക്കുന്നതിന് പറഞ്ഞു. പർദ്ദ വലിച്ചിടുകയും ചെയ്തു. ആ ദിവസമാണ് നബി(സ)തിരുമേനി വഫാത്തായത്. (സ്വഹീഹ് ബുഖാരി, കിതാബുൽഅദാൻ, ഹദീഥ് 680)

ഒരു നിവേദനത്തിൽ ഈ ദിവസങ്ങളിൽ ഒരിക്കൽ ഹദ്റത്ത് ഉമർ(റ) നമസ്കരിപ്പിച്ചതിനെ കുറിച്ചും വിശദീകരണം വന്നിട്ടുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സംഅ വിവരിക്കുന്നു. നബി(സ)തിരുമേനിക്ക് രോഗം മൂർച്ഛിച്ച സമയത്ത് ഞാൻ മുസ്‌ലിമീങ്ങളുടെ ഒരു സംഘത്തിൽ തിരുനബിയോടൊപ്പം ഉണ്ടായിരുന്നു. ഹദ്റത്ത് ബിലാൽ(റ), നബി(സ)തിരുമേനിയെ നമസ്കാരത്തിന് വിളിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'ആരോടെങ്കിലും നമസ്കരിപ്പിക്കാൻ പറയുക.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സംഅ പുറത്തു വന്നപ്പോൾ ജനങ്ങൾക്കിടയിൽ ഹദ്റത്ത് ഉമറിനെ കണ്ടു. ഹദ്റത്ത് അബൂബക്ർ ഉണ്ടായിരു ന്നില്ല. ഞാൻ പറഞ്ഞു: ഉമർ എഴുന്നേറ്റാലും, നമസ്കരിപ്പിച്ചാലും. അദ്ദേഹം മുന്നോട്ടുവന്നു. അല്ലാഹു അക്ബർ എന്ന് പറഞ്ഞു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ശബ്ദം കേട്ടു. ഹദ്റത്ത് ഉമറിന്റെ ശബ്ദം ഉച്ചത്തിലുള്ളതായിരുന്നു.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin